2023
DECEMBER
23
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## വാണിജ്യാവശ്യത്തിനുള്ള പാചക വാതകത്തിൻെറ വില കുറച്ചു

**ന്യൂഡൽഹി:** വാണിജ്യ ആവശ്യത്തിനുപയോഗിക്കുന്ന പാചക വാതക സിലിണ്ടറിൻറെ വില കുറച്ചു. സിലിണ്ടറിന് 39.50 രൂപയാണ് കുറച്ചു. രാജ്യാന്തര വിപണിയിലെ എണ്ണവിലയുടെ മാറ്റത്തിന് അനുസരിച്ചാണ് കമ്പനികളുടെ നടപടി. എന്നാൽ ഗാർഹിക ആവശ്യത്തിനുള്ള എൽപിജിയുടെ വിലയിൽ മാറ്റമില്ല.

വാണിജ്യാവശ്യത്തിനുള്ള, 19 കിലോ പാചക വാതക സിലിണ്ടറിൻറെ പുതിയ വില 1757 രൂപയാണ്. ഈ മാസം തുടക്കത്തിൽ വാണിജ്യ എൽപിജി വില സിലിണ്ടറിന് 21 രൂപ ഉയർത്തിയിരുന്നു. അതേസമയം, ഗാർഹിക പാചക വാതകം 14.2 കിലോ സിലിണ്ടറിന് വില 903 രൂപയായി തുടരും.

## ജനുവരി ആറിന് ലഗ്രാഞ്ച് പോയിൻറ് തൊടാൻ ആദിത്യ എൽ 1



**ബംഗളൂരു:** ഇന്ത്യയുടെ ആദ്യ സൗര ദൗത്യമായ ആദിത്യ എൽ1 ജനുവരി ആറിന് ലക്ഷ്യസ്ഥാനത്ത് എത്തുമെന്ന് ഐഎസ്ആർഒ ചെയർമാൻ എസ്. സോമനാഥ്.

ഭൂമിയുടെയും സൂര്യൻറെയും ഇടയിലുള്ള ലഗ്രാഞ്ച് (എൽ 1) പോയിൻറിലാണ് പേടകം എത്തിച്ചേരുക. പേടകം ലഗ്രാഞ്ച് പോയിൻറിൽ എത്തുന്നതിൻറെ കൃത്യമായ സമയം പിന്നീട് അറിയിക്കുമെന്നും സോമനാഥ് വ്യക്തമാക്കി.ഭൂമിയുടെയും സൂര്യൻറെയും ആകർഷണങ്ങളിൽ പെടാതെ ലഗ്രാഞ്ച് പോയിൻറിന് ചുറ്റുമുള്ള ഹാലോ ഭ്രമണപഥത്തിലാണ് ആദിത്യ വലം വെക്കുക. ഇതിനായി ആദിത്യയിലെ എൻജിൻ ജ്വലിപ്പിച്ച് പേടകം മുന്നോട്ട് പോകാതെ ലഗ്രാഞ്ച് പോയിൻറിൽ എത്തിക്കും. ആദിത്യ എൽ1 ശേഖരിക്കുന്ന വിവരങ്ങൾ ഇന്ത്യയ്ക്ക് മാത്രമല്ല ലോകത്തിനു മുഴുവൻ ഉപകാരപ്പെടുമെന്നാണ് കരുതുന്നത്.സൂര്യൻറെ ചലനാത്മകതയെ കുറിച്ചും അത് മനുഷ്യ ജീവിതത്തെ ഏത് വിധത്തിൽ ബാധിക്കുന്നുവെന്നും മനസിലാക്കാൻ ഈ വിവരങ്ങൾ ഉപയോഗപ്പെടുമെന്നും എസ്. സോമനാഥ് മാധ്യമങ്ങളോട് പറഞ്ഞു.

## ക്രിസ്മസ് -പുതുവത്സരം

# കേരളത്തിന് കേന്ദ്രത്തിന്റെ 1404.50 കോടി



**തിരുവനന്തപുരം:** അപ്രതീക്ഷിതമായി കേന്ദ്ര സർക്കാർ അനുവദിച്ച 1404.50 കോടി നികുതി വിഹിതവും 1100 കോടിയുടെ വായ്പാ അനുമതിയും കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നട്ടംതിരിയുന്ന കേരളത്തിന് ആശ്വാസമായി. ഡിസംബർ 19ന് വായ്പയായി കിട്ടിയ 2000കോടിയും ചേർത്ത് ക്രിസ്മസ് പുതുവൽസര വേളയിൽ 4500 കോടിയാണ് ഖജനാവിലെത്തുന്നത്. ഒരു മാസത്തെ ക്ഷേമപെൻഷൻ കുടിശിക നൽകാനും ക്രിസ്മസ് പുതുവൽസര വിപണിയിടപെടലിനും അത്യാവശ്യ വികസന പദ്ധതികൾക്കും തുക വിനിയോഗിക്കാൻ കഴിയും.നികുതി വിഹിതമായി എല്ലാ സംസ്ഥാനങ്ങൾക്കും കൂടി അനുവദിച്ചത് 72,961.21 കോടിയാണ്. 13000 കോടിയിലേറെ ലഭിച്ച യു.പിക്കാണ് ഏറ്റവും കൂടിയ വിഹിതം.അതേസമയം, പദ്ധതി വിഹിതങ്ങളുടെ കുടിശികയും കടമെടുപ്പ് നിയന്ത്രണത്തിൽ കൂടുതൽ ഇളവുകളും കേന്ദ്രം അനുവദിച്ചില്ലെങ്കിൽ, സാമ്പത്തികവർഷത്തിന്റെ അവസാന മാസങ്ങളായ ജനുവരി മുതൽ മാർച്ച് വരെ കേരളം കടുത്ത പ്രതിസന്ധിയിലാകും. ജനുവരിയിലെ തുകയാണ് ഇപ്പോൾ നൽകിയ 1404 കോടി.കിഫ്ബിയും പെൻഷൻ ഫണ്ടും എടുത്ത വായ്പയിൽ നിന്ന് 3,140.7 കോടിരൂപ സർക്കാരിന്റെ കടമായി മാറ്റാനുള്ള തീരുമാനം ഒരുവർഷത്തേക്ക് ബാധകമാക്കില്ലെന്ന് കഴിഞ്ഞദിവസം കേന്ദ്ര സർക്കാർ അറിയിച്ചിരുന്നു. ഇതോടെ ജനുവരിമാർച്ച് കാലയളവിലെ ചെലവുകൾക്കായി കേരളത്തിന് അധികമായി 3,000 കോടിയോളം രൂപ കടമെടുക്കാം. ഈ മാസങ്ങളിലെ ചെലവുകൾക്കായി 30,000 കോടിരൂപയെങ്കിലും വേണമെന്നാണ് സംസ്ഥാന സർക്കാരിന്റെ വിലയിരുത്തൽ.

ജനുവരിമാർച്ചിലെ ദൈനംദിന ചെലവിന് പണം കണ്ടെത്താൻ വായ്പാപരിധിയിൽ ജി.എസ്.ഡി.പി.യുടെ ഒരു ശതമാനം വർദ്ധിപ്പിക്കണമെന്നാണ് കേരളത്തിന്റെ ആവശ്യം. മൂന്ന് ശതമാനമാണ് നിലവിലെ പരിധി. കേരളത്തിന് മാത്രമായി പ്രത്യേക പരിഗണന നൽകില്ലെന്ന് കേന്ദ്രധനമന്ത്രി നിർമ്മല സീതാരാമൻ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്.

# ഇന്ധന വില കുറച്ചേക്കും



**കൊച്ചി:** നാണയപ്പെരുപ്പം നിയന്ത്രിക്കാനുള്ള നടപടികളുടെ ഭാഗമായി പെട്രോളും ഡീസലും പാചക വാതകവും അടക്കമുള്ള ഇന്ധനങ്ങളുടെ വില കുറയ്ക്കാൻ എണ്ണക്കമ്പനികൾക്ക് മേൽ സമ്മർദമേറുന്നു. രാജ്യാന്തര ക്രൂഡ് ഓയിൽ വിപണിയിലെ അനുകൂല സാഹചര്യം കണക്കിലെടുത്ത് ഇക്കാര്യത്തിൽ അനുകൂല നിലപാട് സ്വീകരിക്കണമെന്നാണ് കേന്ദ്ര സർക്കാർ അനൗദ്യോഗികമായി കമ്പനികൾക്ക് നിർദേശം നൽകിയിട്ടുള്ളത്. കഴിഞ്ഞ വാരം ബ്രെൻഡ് ക്രൂഡിൻറെ വില ബാരലിന് 76 ഡോളറിന് അടുത്താണ് വ്യാപാരം നടത്തുന്നത്. ഇന്നലെ വാണിജ്യ ആവശ്യത്തിനുള്ള പാചക വാതകത്തിൻറെ വില എണ്ണക്കമ്പനികൾ സിലിണ്ടറിന് 38.5 രൂപ കുറച്ചിരുന്നു. ഇതിനൊപ്പം പെട്രോൾ, ഡീസൽ പാചക വാതകം എന്നിവയുടെ വില കൂടി കുറഞ്ഞാൽ വിലക്കയറ്റത്തിന് ഒരു പരിധി വരെ ശമനമാകുമെന്നാണ് വിലയിരുത്തുന്നത്.

അടുത്ത വർഷം പൊതുതെരഞ്ഞെടുപ്പ് നടക്കാനിരിക്കെ അവശ്യ സാധനങ്ങളുടെ വില പിടിച്ചുനിർത്താനാണ് സർക്കാർ വലിയ പ്രാധാന്യം നൽകുന്നത്. നിലവിൽ ഇന്ധനങ്ങളുടെ ഉത്പാദന ചെലവ് കുറഞ്ഞതിനാൽ മികച്ച ലാഭമാണ് പൊതുമേഖല എണ്ണക്കമ്പനികൾക്ക് ലഭിക്കുന്നത്. ഇതിലൊരു ഭാഗം ഉപയോക്താൾക്ക് കൈമാറണമെന്ന് ധനകാര്യ വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. കഴിഞ്ഞ ഒന്നര വർഷമായി ക്രൂഡ് വില 80 ഡോളറിന് മുകളിലായിരുന്നതിനാൽ നേരിട്ട അധിക ബാധ്യത നികത്താനുള്ള അവസരമായാണ് ഇപ്പോഴത്തെ സാഹചര്യത്തെ വിലയിരുത്തുന്നത്. മുൻകാല നഷ്ടം നികത്തുന്നതു വരെ വിലയിൽ മാറ്റം വരുത്തേണ്ടയെന്ന അഭിപ്രായവും ശക്തമാണ്.

പൊതുതെരഞ്ഞെടുപ്പിന് മുന്നോടിയായി പെട്രോൾ, ഡീസൽ എന്നിവയുടെ വില കുറച്ചാൽ കേന്ദ്രസർക്കാരിനു രാഷ്ട്രീയ നേട്ടമാകും. നാണയപ്പെരുപ്പ ഭീഷണി ശക്തമായതിനാൽ ക്രൂഡ് വില കുത്തനെ കൂടിയിട്ടും ഒന്നര വർഷമായി പെട്രോൾ, ഡീസൽ എന്നിവയുടെ ആഭ്യന്തര വിലയിൽ കമ്പനികൾ മാറ്റം വരുത്തിയിരുന്നില്ല. ഇത് മൂലം കമ്പനികൾ ഭീമമായ വിൽപ്പന നഷ്ടമാണ് നേരിട്ടത്. ഉത്പാദന ചെലവിലുണ്ടായ കുറവ് കാരണം ലിറ്ററിന് പത്ത് രൂപയിലധികം ലാഭത്തിലാണ് കമ്പനികൾ പെട്രോൾ വിൽക്കുന്നത്. ഡീസലിന് ലാഭം ലിറ്ററിന് അഞ്ച് രൂപ വരെയായി ഉയർന്നു. കഴിഞ്ഞ വർഷം പെട്രോളിന് 17 രൂപയും ഡീസലിന് 22 രൂപയും വിൽപ്പന നഷ്ടമാണ് കമ്പനികൾ നേരിട്ടിരുന്നത്.



# എച്ച്ഡിഎഫ്സി ലൈഫ് കരൂർ വൈശ്യ ബാങ്കുമായി സഹകരിക്കുന്നു

**കൊച്ചി:** എച്ച്ഡിഎഫ്സി ലൈഫും കരൂർ വൈശ്യ ബാങ്കും കൈകോർക്കുന്നു. സംരക്ഷണം, സമ്പാദ്യം, നിക്ഷേപം, വിരമിക്കൽ, ഗുരുതര രോഗങ്ങൾ എന്നിവയ്ക്കുള്ള പരിഹാരങ്ങൾ ഉൾപ്പെടുന്ന എച്ച്ഡിഎഫ്സി ലൈഫിന്റെ വിപുലമായ ലൈഫ് ഇൻഷുറൻസ് ഉൽപ്പന്നങ്ങൾ ലഭ്യമാക്കാൻ കരൂർ വൈശ്യ ബാങ്കിന്റെ ഈ കോർപ്പറേറ്റ് ഏജൻസി ക്രമീകരണം ഉപഭോക്താക്കളെ പ്രാപ്തരാക്കുമെന്ന് എച്ച്ഡിഎഫ്സി ലൈഫ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ സ്രുരേഷ് ബദാമി പറഞ്ഞു.

100 വർഷത്തിലേറെ പഴക്കമുള്ള സമ്പന്നമായ ഒരു ബാങ്കായ കരൂർ വൈശ്യ ബാങ്കുമായി സഹകരിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഈ ബന്ധം ഉപഭോക്താക്കൾക്ക് ഞങ്ങളുടെ ശക്തമായ ഉൽപ്പന്ന നിർദ്ദേശം നൽകാൻ ഞങ്ങളെ പ്രാപ്തരാക്കും. 2047ഓടെ എല്ലാവർക്കും ഇൻഷുറൻസ് എന്ന കാഴ്ചപ്പാട് കൈവരിക്കാൻ ഞങ്ങൾ ഒരുമിച്ച് പ്രവർത്തിക്കുമെന്നും സുരേഷ് ബദാമി പറഞ്ഞു.കരൂർ വൈശ്യ ബാങ്ക് എല്ലായ്പ്പോഴും മികച്ച സാമ്പത്തിക സേവനങ്ങൾ ഒരു കുടക്കീഴിൽ നൽകാൻ ശ്രമിച്ചിട്ടുണ്ടെന്നുംഎച്ച്ഡിഎഫ്സി ലൈഫുമായുള്ള ഞങ്ങളുടെ കോർപ്പറേറ്റ് ബന്ധം ഞങ്ങളുടെ ഉപഭോക്താക്കൾക്ക് അവരുടെ ഇൻഷുറൻസ് പ്ലാനുകൾ ചാർട്ട് ചെയ്യുമ്പോൾ ഒരു ഓപ്ഷൻ കൂടി നൽകുമെന്നും ബാങ്ക് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ ബി രമേഷ് ബാബു പറഞ്ഞു.

എച്ച്ഡിഎഫ്സി ലൈഫ് ഓൺലൈനായി ക്ലെയിം അറിയിപ്പ് പ്രോസസ് വാഗ്ദാനം ചെയ്യുന്നതിനാൽ, ഞങ്ങളുടെ ഉപഭോക്താക്കൾക്ക് വീടുകളിൽ നിന്ന് പുറത്തിറങ്ങാതെ തന്നെ സേവനങ്ങൾ നേടാനാകും. വിശ്വാസം, വിശ്വാസ്യത, ഉപഭോക്തൃ കേന്ദ്രീകൃതത എന്നിവയുടെ ഞങ്ങളുടെ പങ്കിട്ട മൂല്യവുമായി പൊരുത്തപ്പെടുന്ന തടസ്സമില്ലാത്ത അനുഭവം സൃഷ്ടിക്കാൻ ഞങ്ങൾ ഒരുമിച്ച് കാത്തിരിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.




# അർബുദ രോഗികൾക്ക് റേഡിയേഷൻ ചികിത്സയിൽ 50% നിരക്കിളവുമായി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി :** സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അർബുദ രോഗികളുടെ റേഡിയേഷൻ ചികിത്സാ ചെലവ് പകുതിയായി കുറച്ച് ആസ്റ്റർ മെഡ്സിറ്റി. സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്നുള്ള റഫറൽ ലെറ്ററുമായി വരുന്ന രോഗികൾക്കും ഇളവ് ലഭിക്കും.

അർഹരായവർക്ക് പി.ഇ.ടി സ്കാനിങ്ങും കുറഞ്ഞ നിരക്കിൽ ചെയ്തുനൽകും. എല്ലാവർക്കും ഗുണമേന്മയുള്ള ചികിത്സയുറപ്പാക്കുന്നതിനുള്ള ആസ്റ്റർ മെഡ്സിറ്റിയുടെ ശ്രമങ്ങളുടെ ഭാഗമായാണ് നിരവധി രോഗികൾക്ക് ആശ്വാസമേകുന്ന ഇളവുകൾ പ്രഖ്യാപിച്ചിരിക്കുന്നത്. അർബുദരോഗികൾക്ക് ഏറെ അത്യാവശ്യമുള്ള ചികിത്സയാണ് റേഡിയോതെറാപ്പി. കാൻസർ ബാധിച്ച കോശങ്ങളെ മാത്രം റേഡിയോ കിരണങ്ങൾ കടത്തിവിട്ട് സസൂക്ഷ്മം നശിപ്പിക്കുകയാണ് റേഡിയോതെറാപ്പിയിൽ ചെയ്യുന്നത്. സ്റ്റീരിയോടാക്ടിക് റേഡിയോ സർജറി ഉൾപ്പെടെ, സ്റ്റീരിയോടാക്ടിക് റേഡിയേഷൻ, ബ്രാക്കിതെറാപ്പി എന്നീ അത്യാധുനികവും സുരക്ഷിതവുമായ ചികിത്സാ സംവിധാനങ്ങളാണ് കൊച്ചിയിലെ ആസ്റ്റർ മെഡ്സിറ്റിയിൽ ലഭ്യമായിട്ടുള്ളത്.മെച്ചപ്പെട്ട ചികിത്സ കിട്ടുന്നതിന് രോഗികളുടെ സാമ്പത്തികാവസ്ഥ ഒരു തടസ്സമാകരുത് എന്നതാണ് ആസ്റ്റർ മെഡ്സിറ്റിയുടെ ലക്ഷ്യമെന്ന് ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ പറഞ്ഞു.

എല്ലാ വിഭാഗക്കാർക്കും ഗുണമേന്മയുള്ള ചികിത്സ കിട്ടണമെന്നും അദ്ദേഹം കുട്ടിച്ചേർത്തു.ആസ്റ്റർ മെഡ്സിറ്റിയിലെ അർബുദചികിത്സാ വിഭാഗത്തിലെ സീനിയർ കൺസൾട്ടന്റ് ഡോ. അരുൺ ആർ വാര്യർ, റേഡിയേഷൻ ഓങ്കോളജി സീനിയർ കൺസൾട്ടന്റ് ഡോ. ദുർഗ്ഗാ പൂർണ്ണ , ന്യൂക്ലിയർ മെഡിസിൻ കൺസൾട്ടന്റ് ഡോ. ഷാഗോസ് ജി.എസ്. ഹെഡ് ഓഫ് ഓപ്പറേഷൻസ് ധന്യ ശ്യാമളൻ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

റേഡിയേഷൻ ചികിത്സയെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും ഇളവുകൾ പ്രയോജനപ്പെടുത്തുന്നതിനും 0484 6699306 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. ആസ്റ്റർ മെഡ്സിറ്റിയുടെ കീമോതെറാപ്പി സേവനങ്ങൾക്ക് 8111998219 എന്ന നമ്പറിലും വിളിക്കാം.

# ന്യൂനപക്ഷ കമ്മീഷൻ ജില്ലാതല സെമിനാർ

**കൊച്ചി:** ന്യൂനപക്ഷ വിഭാഗങ്ങളെ തങ്ങളുടെ അവകാശങ്ങളെയും ആനുകൂല്യങ്ങളെയും കുറിച്ച് ബോധവാന്മാരാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ നേതൃത്വത്തിൽ ജില്ലാതല സെമിനാർ സംഘടിപ്പിക്കുന്നു.

സെമിനാറിന്റെ മുന്നൊരുക്കവുമായി ബന്ധപ്പെട്ട് ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ എ. എ റഷീദിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. ജനുവരിയിലാണ് സെമിനാർ സംഘടിപ്പിക്കുന്നത്

ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള പദ്ധതികളും സേവനങ്ങളും ആനുകൂല്യങ്ങളും ജനകീയവൽക്കരിക്കുക, ക്ഷേമ പദ്ധതികളെക്കുറിച്ചും വിദ്യാഭ്യാസ, തൊഴിൽ, സാമ്പത്തിക സഹായങ്ങളെക്കുറിച്ചും അവരിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് സെമിനാർ സംഘടിപ്പിക്കുന്നതെന്ന് ചെയർമാൻ പറഞ്ഞു.



# കീപ്പ് റൈഡിങ് സംരംഭം വിപുലീകരിച്ച് ജാവ യെസ്ഡി

**കൊച്ചി:** കീപ്പ് റൈഡിങ് സംരംഭത്തിന്റെ ഭാഗമായി ജാവ യെസ്ഡി മോട്ടോർസൈക്കിൾസ് പുതിയ ഓഫറുകൾ പ്രഖ്യാപിച്ചു. 2023 ഡിസംബർ 31ന് മുമ്പ് ഒരു ജാവാ 42 അല്ലെങ്കിൽ യെസ്ഡി റോഡ്സ്റ്റർ വാങ്ങുന്നവർക്ക് ആദ്യ മാസത്തെ ഇന്ധനം സൗജന്യമായി കമ്പനി നൽകുമെന്ന് കമ്പനി അധികൃതർ അറിയിച്ചു.

ജാവാ യെസ്ഡി മോട്ടോർസൈക്കിൾസിന്റെ ഏറ്റവും ജനപ്രിയ മോഡലുകളാണ് ഇവ. ഈ ഐതിഹാസിക മോട്ടോർസൈക്കിളുകൾ എല്ലാവർക്കും പ്രാപ്യമാക്കാനാണ് ഈ പ്രത്യേക ഓഫറുകളിലൂടെ ബ്രാൻഡ് ലക്ഷ്യമിടുന്നത്. ജാവ 42, യെസ്ഡി റോഡ്സ്റ്റർ എന്നിവ ബുക്ക് ചെയ്യുന്ന എല്ലാ ഉപഭോക്താക്കൾക്കും കീപ്പ് റൈഡിങ് സംരംഭത്തിന് കീഴിൽ 30,000 രൂപ വരെ ആനുകൂല്യങ്ങൾ ലഭിക്കും. ആദ്യ മാസത്തെ ഇന്ധന ഇൻസെന്റീവിന് പുറമേ, ഈ ഉപഭോക്താക്കൾക്ക് തിരഞ്ഞെടുത്ത റൈഡിങ് ഗിയറുകൾക്കും ടൂറിങ് ആക്സസറികൾക്കും 50% കിഴിവും, 4 വർഷം അല്ലെങ്കിൽ 50,000 കിലോമീറ്റർ സൗജന്യ വിപുലീകൃത വാറന്റിയും ലഭിക്കും. 10,000 രൂപ എക്സ്ചേഞ്ച് ബോണസും ആനുകൂല്യങ്ങളിൽ ഉൾപ്പെടും.

1,888 രൂപയിൽ ആരംഭിക്കുന്ന ഐഡിഎഫ്സി ബാങ്കിൽ നിന്നുള്ള പ്രത്യേക ഇഎംഐ സ്കീമുകളും കമ്പനിക്കുണ്ട്. ആദ്യ മാസത്തെ ഇന്ധന ഓഫർ ഉൾപ്പെടെയുള്ള അനുകൂല്യങ്ങളെ കുറിച്ച് കൂടുതൽ അറിയാനും, ഈ ഓഫറുകൾ ലഭിക്കുന്നതിനും ഉപഭോക്താക്കൾക്ക് അടുത്തുള്ള ജാവ യെസ്ഡി മോട്ടോർസൈക്കിൾ ഡീലർഷിപ്പ് സന്ദർശിക്കാം.

# ഇലക്ട്രിക് വാഹന നിർമാണം: വാർഡ്വിസാർഡും ബി.ജി ഗ്രൂപ്പും ഒരുമിക്കുന്നു

**കൊച്ചി:** ജോയ് ഇ-ബൈക്ക് ബ്രാൻഡിന് കീഴിലുള്ള പ്രമുഖ ഇന്ത്യൻ ഇലക്ട്രിക് വാഹന നിർമാതാക്കളായ വാർഡ്വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡ് (ഡബ്ല്യുഐഎംഎൽ), ബീഹാ ഗ്രൂപ്പുമായി (ബിജി) ധാരണാപത്രം ഒപ്പുവച്ചു. യുഎഇയിലെ ഷാർജ സർക്കാരിന്റെ സഹ ഉടമസ്ഥതയിലുള്ള ബീഹാ ഗ്രൂപ്പ് സുസ്ഥിര മാലിന്യ സംസ്കരണത്തിൽ ആഗോളതലത്തിൽ പ്രശസ്തരാണ്. ജിസിസി, ആഫ്രിക്കൻ രാജ്യങ്ങളിലുടനീളം വൈദ്യുത വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും പാരിസ്ഥിതിക പുരോഗതിക്ക് സംഭാവന നൽകാനുമാണ് ഈ സഹകരണം ലക്ഷ്യമിടുന്നത്.

ward wizard
Innovations & Mobility Limited

ദുബായിൽ നടന്ന ചടങ്ങിൽ ബീഹാ ഗ്രൂപ്പിന്റെ വൈസ് ചെയർമാനും ഗ്രൂപ്പ് സിഇഒയുമായ ഖാലിദ് അൽ ഹുറൈമലും, വാർഡ്വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡിന്റെ ചെയർമാനും മാനേജിങ് ഡയറക്ടറുമായ യതിൻ സഞ്ജയ് ഗുപ്തെയും ചേർന്ന് ധാരണാപത്രം ഒപ്പുവച്ചു. പങ്കാളിത്തത്തിന്റെ ഭാഗമായി, യുഎഇയിൽ ചെറുതും വലുതുമായ ഇരുചക്രവാഹനങ്ങൾ, മുച്ചക്ര വാഹനങ്ങൾ, ബാറ്ററിയിൽ പ്രവർത്തിക്കുന്ന ട്രക്കുകൾ എന്നിവയുടെ ഉൽപ്പാദനത്തിനായി ഡബ്ല്യുഐഎംഎലും ബീഹാ ഗ്രൂപ്പും സാങ്കേതികവും വാണിജ്യപരവുമായ സാധ്യതാ പഠനങ്ങൾ നടത്തും.

ഇന്ത്യയിലെ ഒരു ഉത്തരവാദിത്തമുള്ള കോർപ്പറേഷൻ എന്ന നിലയിലും ഇലക്ട്രിക് വാഹനങ്ങളുടെ ഒരു പ്രധാന പ്രൊമോട്ടർ എന്ന നിലയിലും ഇലക്ട്രിക് വാഹനങ്ങൾ ലോകമെമ്പാടും വിപുലീകരിക്കുകയും, എല്ലാവർക്കും പ്രാപ്യമാക്കുകയും ചെയ്യുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യമെന്ന് വാർഡ്വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡിന്റെ ചെയർമാനും മാനേജിങ് ഡയറക്ടറുമായ യതിൻ സഞ്ജയ് ഗുപ്തെ പറഞ്ഞു. വാർഡ്വിസാർഡുമായി ഞങ്ങളുടെ പങ്കാളിത്തം പ്രഖ്യാപിക്കുന്നതിൽ സന്തോഷമുണ്ടെന്ന് ബീഹാ ഗ്രൂപ്പിന്റെ വൈസ് ചെയർമാനും ഗ്രൂപ്പ് സിഇഒയുമായ ഖാലിദ് അൽ ഹുറൈമൽ പറഞ്ഞു.




# നെടുമ്പാശേരി വഴി ഈ വർഷം പറന്നത് ഒരുകോടി യാത്രക്കാർ; റിക്കോർഡുമായി സിയാൽ

**കൊച്ചി:** നെടുമ്പാശേരി അന്താരാഷ്ട്ര വിമാനത്താവളത്തിലൂടെ ഈ വർഷം പറന്നത് ഒരു കോടി യാത്രക്കാർ. വ്യാഴാഴ്ച വൈകീട്ട് ബാംഗ്ലൂരിലേക്കുള്ള ഇൻഡിഗോ വിമാനത്തിൽ 173 യാത്രക്കാർ പറന്നതോടെ, വർഷം അവസാനിക്കാൻ 11 ദിവസം ബാക്കിയിരിക്കെ ഒരു കോടി യാത്രക്കാർ തികച്ച് സിയാൽ റിക്കോർഡിട്ടു.

ദക്ഷിണേന്ത്യയിൽ പ്രതിവർഷം ഒരു കോടി യാത്രക്കാർ ഉപയോഗിക്കുന്ന നാലാമത്തെ വിമാനത്താവളമാണ് സിയാൽ. കേരളത്തിലെ ഒരേയൊരു വിമാനത്താവളവും. സംസ്ഥാനത്തെ മൊത്തം വിമാനയാത്രക്കാരുടെ 63.50 ശതമാനവും കൈകാര്യം ചെയ്യുന്നത് സിയാലാണ്. മുൻവർഷത്തെ അപേക്ഷിച്ച് യാത്രക്കാരുടെ എണ്ണത്തിൽ 20 ലക്ഷത്തിലധികം പേരുടെ വർധനവാണ് സിയാൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ വർഷം ഇതുവരെ സിയാലിലൂടെ പറന്ന ഒരുകോടി യാത്രക്കാരിൽ 54.04 ലക്ഷം ആഭ്യന്തര യാത്രക്കാരും 46.01 ലക്ഷം പേർ രാജ്യാന്തര യാത്രക്കാരുമാണ്. മൊത്തം 66,540 വിമാനങ്ങൾ ഇക്കാലയളവിൽ സർവീസ് നടത്തി. 2022ൽ 80.23 ലക്ഷം പേരാണ് സിയാലിലൂടെ യാത്രചെയ്തത്.

വിമാനസർവീസുകൾ 57,006. അടിസ്ഥാന സൗകര്യ വികസനത്തിലും വിമാനത്താവള മാർക്കറ്റിങ്ങിലും സിയാൽ നടത്തിവരുന്ന ശ്രമങ്ങളുടെ പ്രതിഫലനമാണ് ഈ നേട്ടമെന്ന് യാത്രക്കാർക്കുള്ള നന്ദി സൂചകമായി സിയാൽ സംഘടിപ്പിച്ച ചടങ്ങിൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നൽകിയ പ്രത്യേക സന്ദേശത്തിൽ വ്യക്തമാക്കി. സ്വകാര്യ കോർപറേറ്റുകൾ രാജ്യത്തെ വിമാനത്താവളങ്ങളുടെ നടത്തിപ്പ് ഏറ്റെടുക്കുന്ന കാലഘട്ടത്തിൽ സിയാൽ കൈവരിക്കുന്ന മികവ് പൊതുമേഖലയ്ക്ക് പ്രതീക്ഷ നൽകുന്നുണ്ട്. വരും വർഷങ്ങളിലും ഒരു കോടിയിൽ കുറയാതെ യാത്രക്കാർ എത്തുമെന്ന പ്രതീക്ഷയാണ് മാനേജ്മെൻറിനുള്ളത്. അതിനുവേണ്ട സൗകര്യങ്ങൾ ഒരുക്കാൻ സർക്കാർ, നിർദേശം നൽകിയിട്ടുണ്ട് മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. കൊച്ചിയിൽ നിന്ന് ബാംഗ്ലൂരിലേക്കുള്ള ഇൻഡിഗോ വിമാനത്തിലെ യാത്രക്കാരിയായ അഞ്ചു വയസ്സുകാരി ലയ റിനോഷ് ആണ് സിയാലിലെ 2023 വർഷത്തെ ഒരു കോടി യാത്രക്കാരുടെ എണ്ണം തൊട്ടത്. സിയാൽ മാനേജിങ് ഡയറക്ടർ എസ്.സുഹാസ് ഐ.എ.എസ് ലയക്ക് പ്രത്യേക ഉപഹാരം നൽകി. സിയാൽ എക്സിക്യൂട്ടീവ് ഡയറക്ടർമാരായ സജി.കെ.ജോർജ്, ജയരാജൻ വി, സി.ഐ.എസ്.എഫ് സീനിയർ കമാൻഡൻറ് സുനീത് ശർമ, സിയാൽ കൊമേർഷ്യൽ ഹെഡ് ജോസഫ് പീറ്റർ തുടങ്ങിയവർ പങ്കെടുത്തു.

# മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ബിഗ് എഫ്എമ്മിന്റെ വന്ദേ കേരളം

**തിരുവനന്തപുരം:** വർധിച്ചു വരുന്ന മയക്കുമരുന്ന് ഉപയോഗത്തിനെതിരെ മയക്കുമരുന്ന് ഉപേക്ഷിക്കൂ എന്ന മുദ്രാവാക്യവുമായി ബിഗ് എഫ് എം നടത്തുന്ന വന്ദേ കേരളം പരിപാടിയുടെ ഏഴാം സീസണ് തുടക്കമായി. ഇതിന്റെ ഭാഗമായി ആർജെ ഫിറോസ് നടത്തുന്ന ഏഴുദിവസത്തെ നിരാഹാര ബോധവൽക്കരണയാത്ര നടനും സംവിധായകനും തിരക്കഥാകൃത്തുമായ അനൂപ് മേനോൻ ഫ്ളാഗ് ഓഫ് ചെയ്തു. കാന്റർ വാനിൽ നടത്തുന്ന നിരാഹാരയാത്ര ഡിസംബർ 24ന് തിരുവനന്തപുരം മാനവീയം വീഥിയിൽ സമാപിക്കും. ശരിയായ മാർഗ്ഗനിർദ്ദേശങ്ങളോടെയും പൊതുജനപിന്തുണയോടെയും എങ്ങനെ മയമക്കുമരുന്ന് ഉപയോഗത്തെ മറികടക്കാമെന്നും പുതിയൊരു ജീവിതത്തിന് തുടക്കം കുറിക്കാമെന്നുമുള്ള ആശയവിനിമയത്തിനാണ് ഈ സീസണിലെ വന്ദേ കേരളം ശ്രദ്ധകേന്ദ്രീകരിക്കുന്നത്. കഴിഞ്ഞ മൂന്നാഴ്ചയായി യുവാക്കളും ആരോഗ്യരംഗത്തെ വിദഗ്ധരും നിയമവിദഗ്ധരുമുൾപ്പെടെ വ്യത്യസ്ത മേഖലകളിൽ നിന്നുള്ളവരുമായുള്ള സംവാദങ്ങളും പരിപാടിയുടെ ഭാഗമായി നടന്നു. കേരളത്തിലുടനീളമുള്ള



ആളുകളുടെ പിന്തുണ തേടുന്നതിന് ഒപ്പുശേഖരണവും പരിപാടിയുടെ ഭാഗമായി നടക്കുന്നുണ്ട്. പരിപാടി സമാപിക്കുമ്പോൾ 9270 ഒപ്പുകളാണ് ലക്ഷ്യമിടുന്നത്. സമാപന പരിപാടിയുടെ ഭാഗമായി ജനപ്രിയ ബാൻഡ് ആയ ഗ്രാമഫോണിന്റെ സംഗീതപരിപാടിയും മൊമന്റോ വിതരണവും നടക്കും.

ഒപ്പുശേഖരണം നടത്തിയും മയക്കുമരുന്ന് ഉപയോഗത്തിനെതിരെ വിദ്യാർത്ഥികളെ അണിനിരത്തിയും നിർദ്ദിഷ്ട ലക്ഷ്യങ്ങൾ നിറവേറ്റാൻ ഇത് ഏഴാമത്തെ തവണയാണ് ആർജെ ഫിറോസ് സമരമുഖത്തിറങ്ങുന്നത്. പാലിയേറ്റീവ് കെയർ രംഗത്തും മയക്കുമരുന്നിനെതിരായ ക്യാമ്പെയ്നുകളിലും സജീവ സാന്നിധ്യമാണ് മോർണിംഗ് ഷോ, ബിഗ് പോസിറ്റീവ് ഹോസ്റ്റ് കൂടിയായ ആർജെ ഫിറോസ്. സാമൂഹികപ്രശ്നങ്ങളിൽ ഉത്തരവാദിത്തത്തോടെ ഇടപെടുവാനുള്ള ബിഗ് എഫ്എമിന്റെ പ്രതിബദ്ധതയാണ് ഈ പരിപാടിക്കു പിന്നിലെന്ന് ബിഗ് എഫ്എം സിഒഒ സുനിൽ കുമാരൻ പറഞ്ഞു.

മയക്കമരുന്ന് ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ വിഷയത്തെക്കുറിച്ച് ബോധവൽക്കരണം നടത്തേണ്ട സമയം അതിക്രമിച്ചു, ബിഗ് എഫ്എമ്മിന്റെ വന്ദേ കേരളം സംരംഭത്തിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ടെന്ന് ആർജെ ഫിറോസ് പറഞ്ഞു

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന വിവിധ വായ്പാ പദ്ധതികളിലേക്ക് അപേക്ഷ ക്ഷണിച്ചു.

വ്യക്തിഗത വായ്പ 400,000 വരെ ഉദ്യോഗസ്ഥ ജാമ്യത്തിൽ മാത്രം, സ്വയം തൊഴിൽ 50,000 25,00,000 വരെ, സ്വയംതൊഴിലിനുള്ള വാഹന വായ്പ 10,00,000 വരെ, പെൺകുട്ടികളുടെ വിവാഹം 350,000 വരെ തുടങ്ങിയ വായ്പാ പദ്ധതികളിലേയ്ക്ക് ജാമ്യ വ്യവസ്ഥയിലും അംഗീകൃത കുടുംബശ്രീ യൂണിറ്റുകൾക്ക് 5,00,000 വരെ ജാമ്യ രഹിത വ്യവസ്ഥയിലും എറണാകുളം ജില്ലയിലെ പട്ടികജാതി /പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു.

കൂടുതൽ വിവരങ്ങൾക്ക് കോർപ്പറേഷന്റെ വൈറ്റിലയിൽ പ്രവർത്തിക്കുന്ന ജില്ലാ കാര്യാലയവുമായി ബന്ധപ്പെടുക. ഫോൺ 2302663 0484 9400068507

# തൊഴിൽ പരിശീലനം

**കൊച്ചി:** എറണാകുളം ജില്ലയിലെ ത്രിതല പഞ്ചായത്ത് എൽ എസ് ജി ഡി ഓഫീസുകളിൽ ബി ടെക്/ഡിപ്ലോമ സിവിൽ എൻജിനീയറിംഗ് യോഗ്യതയുള്ള പട്ടികജാതി യുവതീ യുവാക്കളെ 10,000 രൂപ ഹോണറേറിയം നൽകി ഒരു വർഷത്തേക്ക് പരിശീലനത്തിനായി നിയോഗിക്കുന്നു.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന 18 നും 40 നും മദ്ധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. താല്പര്യമുള്ളവർ അതാത് ഗ്രാമ പഞ്ചായത്ത് എസ് സി പ്രൊമോട്ടർമാരുമായോ ജില്ലാ പട്ടികജാതി വികസന ഓഫീസുമായോ ബന്ധപ്പെടുക. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: 30.12.2023. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ 0484 2952256.

# വാക്ക്ഇൻ ഇന്റർവ്യൂ

**കൊച്ചി:** ജില്ലാ പഞ്ചായത്തിന് കീഴിലുള്ള തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി നടത്തിപ്പിന് കോലഞ്ചേരി, മുളന്തുരുത്തി എ.ബി.സി സെന്ററിലേക്ക് കരാ!ർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് വാക്ക്ഇൻ ഇന്റർവ്യൂ നടത്തുന്നു. വെറ്ററിനറി സർജൻ, മൃഗപരിപാലകർ/ഡോഗ്ക്യാച്ചഴ്സ് എന്നീ തസ്തികളിലേക്ക് ഡിസംബർ 22 ന് രാവിലെ 11 ന് ജില്ലാ പഞ്ചായത്ത് കാര്യാലയത്തിലാണ് ഇന്റർവ്യൂ.

വെറ്ററിനറി സർജൻ തസ്തികയിലേക്ക് നടത്തുന്ന ഇന്റർവ്യൂവിൽ ബി വി എസ് സി & എ എച്ച്, കെ എസ് വി സി രജിസ്ട്രേഷൻ എന്നീ യോഗ്യതകളുള്ളവർക്ക് പങ്കെടുക്കാം. എ.ബി.സി പ്രോഗ്രാമുമായി ബന്ധപ്പെട്ട് ആറ് മാസം പ്രവൃത്തിപരിചയം ഉള്ളവർക്ക് മുൻഗണന. മൃഗപരിപാലകർ/ഡോഗ്ക്യാച്ചഴ്സ് തസ്തികയിൽ തെരുവുനായ്ക്കളെ പിടികൂടുന്നതിനുള്ള സന്നദ്ധത, നായ്ക്കളുടെ പരിപാലനം, ഉയർന്ന കായിക ക്ഷമത, നായപിടിക്കുന്ന പരിശീലനം പൂർത്തികരിച്ച സർട്ടിഫിക്കറ്റ് ഉള്ളവക്ക് പങ്കെടുക്കാം. എ.ബി.സി പ്രോഗ്രാമുമായി ബന്ധപ്പെട്ട് പ്രവൃത്തി പരിചയം ഉള്ളവർക്ക് മുൻഗണന.

# അതിജീവന യാത്രയിൽ ഉന്നയിക്കുന്നത് ന്യായമായ ആവശ്യങ്ങൾ: കെ.സി.എഫ്

**കൊച്ചി:** സർക്കാരിന്റെ തെറ്റായ നയങ്ങൾ മൂലം മലയോരകർഷകരും തീരദേശവാസികളും ഒരുപോലെ ദുരിതത്തിലായിരിക്കുകയാണെന്ന് കേരള കാത്തലിക്ക് ഫെഡറേഷൻ നിർവ്വാഹക സമിതി വിലയിരുത്തി.

കാർഷികവിളകളുടെ വിലത്തകർച്ചമൂലം കഷ്ടതയനുഭവിക്കുന്ന മലയോരകർഷകർ, വന്യമൃഗശല്യം മൂലം അതിജീവനത്തിനായി ഒരു മാർഗ്ഗവും കാണാതെ ആത്മഹത്യയിൽ ജീവിതം അവസാനിപ്പിക്കുകയാണ്. തീരദേശവാസികളെ ബുദ്ധിമുട്ടിലാക്കി ഇഞ്ചദ നിയമവും തീരദേശഹൈവേയും ഭീഷണി ഉയർത്തുകയാണ്. അതിജീവനത്തിനായി തിരുവനന്തപുരം അതിരൂപതയുടെ നേതൃത്വത്തിൽ വിഴിഞ്ഞത്തു നടത്തിയ സമരത്തോടനുബന്ധിച്ചുള്ള കേസുകൾ പിൻവലിക്കാത്തതുമൂലം വൈദിക മേലദ്ധ്യക്ഷൻമാർ ഉൾപ്പെടെയുള്ളവർക്ക് വിദേശ യാത്രകളും, സമരത്തിൽ പങ്കെടുത്തവർക്ക് ജോലി സാദ്ധ്യതകളും നിരാകരിക്കപ്പെടുകയാണ്.

മലയോരത്തെയും തീരദേശത്തെയും ജനതകൾ അനുഭവിക്കുന്ന യാതനകൾ ഉയർത്തിക്കാട്ടി അഗഇഇ നടത്തുന്ന അതിജീവനയാത്രയ്ക്ക് കേരള കാത്തലിക്ക് ഫെഡറേഷൻ എല്ലാവിധ പിൻതുണയും, വാഗ്ദാനം ചെയ്തു. പ്രസിഡന്റ് പ്രൊഫ. കെ.എം. ഫ്രാൻസിസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ.ജേക്കബ് ജി. പാലക്കാപ്പിള്ളി, ജെസ്റ്റിൻ കരിപ്പാട്ട്, വി.പി. മത്തായി, ബാബു അമ്പലത്തുംകാല, ഷിജി ജോൺസൺ, ഇ.ഡി. ഫ്രാൻസിസ്, വർഗ്ഗീസ് കോയിക്കര, ജെസ്റ്റിന ഇമ്മാനുവൽ, വൽസ ജോൺ എന്നിവർ പ്രസംഗിച്ചു.

# സ്റ്റോം 5 ജി ലാവ പുറത്തിറക്കി




**ന്യൂഡൽഹി:** പ്രമുഖ ഇന്ത്യൻ സ്മാർട്ട് ഫോൺ ബ്രാൻഡായ ലാവ ഇന്റർനാഷണൽ ലിമിറ്റഡ് സ്റ്റോം 5 ജി പുറത്തിറക്കി. ഡിസംബർ 28 മുതൽ ആമസോൺ ഇകൊമേഴ്സ് പോർട്ടലിലും ലാവ ഇസ്റ്റോറിലും മാത്രമായി വിൽപ്പനയ്ക്കെത്തും. 11,999 രൂപയാണ് ആമുഖ വില. സ്റ്റോം 5ഏൽ മീഡിയടെക് ഡൈമെൻസിറ്റി 6080 ആണ് ഉള്ളത്. ഇതിൽശക്തമായ പ്രോസസർ ഉള്ളതിനാൽ തടസ്സമില്ലാത്ത ഗെയിമിംഗ് പ്രകടനം

നൽകുന്നുവെന്നും കമ്പനി അവകാശപ്പെടുന്നു. മികച്ച ഫോട്ടോഗ്രാഫി അനുഭവത്തിനും സെൽഫികൾക്കുമായി 50എം.പി,

പയനിയറിംഗ് 8എംപി അൾട്രാ വൈഡ് ഡ്യുവൽ റിയർ ക്യാമറ, 16എം.പിമുൻക്യാമറ എന്നിവയ്ക്കൊപ്പം പ്രീമിയം ഗ്ലാസ് ബാക്ക് ഡിസൈൻ സ്റ്റോം 5ജിയിൽ ഉണ്ട്. തടസ്സമില്ലാത്ത ദൈനംദിന ഉപയോഗത്തിനായി വലിയ5000എംഎഎച്ച്ബാറ്ററിയാണ് ഇതിൽ സജ്ജീകരിച്ചിരിക്കുന്നത്, അതിന്റെ സെഗ്മെന്റിൽ 33വാടസ് ഫാസ്റ്റ് ചാർജിംഗ് ആദ്യത്തേത് അനുബന്ധമായിനൽകുന്നുവെന്നും കമ്പനി വ്യക്തമാക്കുന്നു.

# ഡൽഹിവേരിയുടെ ഭിവണ്ടി മെഗാ ഗേറ്റ് വേ ആരംഭിച്ചു

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ലോജിസ്റ്റിക് ദാതാക്കളായ ഡൽഹിവേരി ലിമിറ്റഡ്, ഭിവണ്ടിയിലെ ഏറ്റവും വലിയ മെഗാ ഗേറ്റ് വേ വിജയകരമായി പ്രവർത്തനക്ഷമമാക്കി. 12,00,000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ നിർമ്മിച്ചിരിക്കുന്ന ഭിവണ്ടി ട്രക്കിംഗ് ടെർമിനൽ ഇന്ത്യയിലെ ഏറ്റവും വലിയ ലോജിസ്റ്റിക് സൗകര്യങ്ങളിൽ ഒന്നാണ്. ഓട്ടോമേറ്റഡ് ഹബ്, സോർട്ടേഷൻ, റിട്ടേൺസ്, ചരക്ക് പ്രവർത്തനങ്ങൾ എന്നിവ സംയോജിപ്പിച്ച് ഡൽഹിവേരിയുടെ പാഴ്സലും പാർട്ട്ട്രക്ക് ലോഡും ഒരേസമയം കൈകാര്യം ചെയ്യാനുള്ള ശേഷിയും പുതിയ ടെർമിനലിൽ ഉൾപ്പെടുന്നു.

പ്രതിദിനം 1600 വാഹനങ്ങൾക്ക് 8,000 ടണ്ണിലധികം ചരക്ക് ഇടപാട് നടത്താൻ രൂപകൽപ്പന ചെയ്തിരിക്കുന്ന 196 ഡോക്കിംഗ് സ്റ്റേഷനുകൾ ഓട്ടോമേറ്റഡ് ഗേറ്റ് വേയിൽ ലഭ്യമാണ്. ഫാൽക്കൺ ഓട്ടോടെക് (ഡൽഹിവറി ഇൻവെസ്റ്റ്ഡ് കമ്പനി) വികസിപ്പിച്ചതും വിന്യസിച്ചതുമായ ഈ സൗകര്യത്തിന്റെ ഓട്ടോമേഷൻ സംവിധാനത്തിൽ 1.8 കിലോമീറ്റർ സംയോജിത ഡബിൾഡെക്ക് ക്രോസ്ബെൽറ്റ് സോർട്ടറുകളും 5 കിലോമീറ്ററിലധികം മെറ്റീരിയൽ ഗതാഗത സംവിധാനങ്ങളും ഉൾപ്പെടുന്നു.

ഓരോ മണിക്കൂറിലും 32,000ലധികം ഷിപ്പ്മെന്റുകളും 17,000 ഫ്രെയ്റ്റുകളും ഓപ്പറേറ്റ് ചെയ്യുവാൻ ഈ സൗകര്യം മുഖേന സാധിക്കും. ഭിവണ്ടി ഗേറ്റ് വേ ലോകോത്തര സേവന വിശ്വാസ്യതയും കാര്യക്ഷമതയും നിലനിർത്തിക്കൊണ്ട് മുംബൈയിലെയും വെസ്റ്റ് സോണിലെയും വലിയ, ചെറുകിട ഇടത്തരം ചരക്ക് കയറ്റുമതിക്കാരുടെ ശേഷി വർദ്ധിപ്പിക്കാൻ തങ്ങളെ പ്രാപ്തരാക്കുമെന്ന് ഡൽഹിവേരി മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ സഹിൽ ബറുവ പറഞ്ഞു.

# സോച്ച് റെഡ് ഡോട്ട് സെയിൽ 50% വരെ കിഴിവ്

**കോഴിക്കോട്:** ഡിസംബർ 7ന് ആരംഭിച്ച സോച്ചിന്റെ റെഡ് ഡോട്ട് സെയിലിന് മികച്ച പ്രതികരണം. വൈവിധ്യമാർന്ന എത്നിക്ക് വസ്ത്രങ്ങൾക്ക് 50% വരെ കിഴിവ് വാഗ്ദാനം ചെയ്താണ് റെഡ് ഡോട്ട് സെയിൽ നടക്കുന്നത്. സാരികൾ, സൽവാർ സ്യൂട്ടുകൾ, കുർത്തകൾ, കുർത്ത സെറ്റുകൾ, ഡ്രസ് മെറ്റീരിയലുകൾ, ട്യൂണിക്കുകൾ, കഫ്താൻ എന്നിവയുൾപ്പെടെ ഉപഭോക്താക്കൾക്ക് തങ്ങളുടെ പ്രിയപ്പെട്ട സോച്ച് ലുക്കുകൾ വില ഇളവിൽ ലഭിക്കും. എല്ലാ സോച്ച് സ്റ്റോറുകളിലും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും മുമ്പൊരിക്കലുമില്ലാത്ത വിലയിൽ 2000ലധികം വസ്ത്ര സ്റ്റൈലുകൾ അണിനിരത്തിയിട്ടുണ്ട്.

ഇന്ത്യയിലെ ഏറ്റവും വലിയ ഒക്കേഷൻ ആൻഡ് ഈവനിങ് വെയർ ബ്രാൻഡാണ് സോച്ച്. തങ്ങളുടെ വിശ്വസ്തരായ ദശലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് എത്നിക്ക് ശൈലിയുടെ എല്ലാ കാര്യങ്ങളിലും മറ്റാർക്കും നൽകാൻ കഴിയാത്ത ഡീലുകൾ നേടാനുള്ള അവസരം നൽകുന്നതിനാണ് ദ്വിവർഷ വിൽപന നടത്തുന്നത്. 749 രൂപ മുതലാണ് വില ആരംഭിക്കുന്നത് ബ്രാൻഡിന്റെ ഏറ്റവും പുതിയ ക്യാപ്സ്യൂൾ വെഡിങ് ശേഖരത്തിലെ അജയ്യമായ ഓഫറുകളാണ് വിൽപനയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് soch.com സന്ദർശിക്കാം.

# ഉമ നെല്ലിനത്തിന്റെ പരിപാലനത്തിന് ഇനി ബഹിരാകാശ സാങ്കേതിക വിദ്യയും

**കൊച്ചി:** മലയാളികളുടെ പ്രിയപ്പെട്ട അരിയായ ഉമ ഇനി തീൻമേശയിലെത്തുന്നത് ബഹിരാകാശ സാങ്കേതിക വിദ്യയുടെ കൂടെ സഹായത്തോടെ ആയിരിക്കും. ഉമ നെല്ലിനത്തിന്റെ സ്പെക്ടറൽ ലൈബ്രറി ബഹിരാകാശ സാങ്കേതിക വിദ്യയായ റിമോട്ട് സെൻസിങ്ങ് ഉപയോഗിച്ച് വികസിപ്പിക്കുന്നതിൽ ശാസ്ത്രജ്ഞർ വിജയിച്ചിരിക്കുകയാണ്. കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയിലെയും (കുഫോസ്) കോഴിക്കോട്ടെ ജല വിഭവ വികസന വിനിയോഗ കേന്ദ്രത്തിലെയും (സി.ഡബ്ളുയു.ആർ.ഡി.എം) ശാസ്ത്രജ്ഞർ സംയുക്തമായി നടത്തിയ ഗവേഷണമാണ് ഉമ നെല്ലിനത്തിന്റെ സ്പെക്ടറൽ ലൈബ്രറി വികസിപ്പിക്കുന്നതിൽ വിജയിച്ചത്.കുഫോസിൽ ഡോ.ഗിരീഷ് ഗോപിനാഥും സി.ഡബ്ളുയു.ആർ.ഡി.എമ്മിൽ ഡോ. യു.സുരേന്ദ്രനും ഗവേഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.കേരളത്തിൽ എവിടെ ഉമ നെൽകൃഷി ഉണ്ടെങ്കിലും ബഹിരാകാശ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന സ്പെക്ടറൽ ലൈബ്രറിയിലൂടെ അറിയാനാകും.





ഇതിലൂടെ നെൽചെടിയുടെ വളർച്ച കുറവ്, രോഗബാധ, വയലിലെ ജല ലഭ്യത, നെല്ലിന്റെ മൂപ്പ്, പാകമെത്തുമ്പോൾ ലഭിക്കുന്ന വിളവിന്റെ അളവ് എന്നിവ മുൻകൂട്ടി കണ്ടെത്താനും വേണ്ട ഇടപെടലുകൾ നടത്താനും പ്രതിവിധികൾ ചെയ്യാനും കഴിയും. ഉമ കൃഷി ചെയ്യുന്ന നെൽകർഷകരുടെ കൃഷിചെലവ് വലിയ തോതിൽ കുറയ്ക്കാൻ ഈ സങ്കേതം കൊണ്ട് കഴിയുമെന്ന് ഡോ. ഗിരിഷ് ഗോപിനാഥ് പറഞ്ഞു. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലാണ് ഗവേഷണത്തിന് വേണ്ട ധന സാഹായം നൽകിയത്.

പൂർണ്ണമായും കേരളത്തിൽ തദ്ദേശീയമായി കൃഷി ചെയ്യുന്ന നെല്ലിനമാണ് ഉണ്ട മട്ട എന്നും അറിയപ്പെടുന്ന ഉമ നെല്ലിനം. 1998 ൽ കേരള കാർഷിക സർവ്വകലാശാലയുടെ മാങ്കൊമ്പ് നെൽ ഗവേഷണ കേന്ദ്രമാണ് ഉമ വികസിപ്പിച്ച് റിലീസ് ചെയ്തത്. മികച്ച ഉൽപാദന ക്ഷമതയും രോഗ പ്രതിരോധ ശേഷിയുമുള്ള ഉമ നെല്ലിനം പെട്ടന്ന് തന്നെ കുട്ടനാട്ടിലെ കർഷകരുടെ മനം കവർന്നു. നല്ല മണവും രുചിമുള്ള ചോറ് നൽകുന്ന ഉമ അരി കുട്ടനാടൻ ഉണ്ട മട്ട എന്ന പേരിൽ മലയാളിയുടെ തീൻമേശ കീഴടക്കിയതോടെ കേരളത്തിൽ എമ്പാടുമുള്ള നെൽ കർഷകർ ഉമ നെല്ലിനത്തെ ഏറ്റെടുത്തു. ഇന്നിപ്പോൾ കേരളത്തിൽ ഏറ്റവുമധികം കൃഷി ചെയ്യുന്ന നെൽ ഇനമാണ് ഉമ.ഏറ്റവും മികച്ച രീതിയിൽ വിള പരിപാലനം നടത്താൻ കർഷകരെ പ്രാപ്തരാക്കും എന്നതാണ് ബഹിരാകാശ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന സ്പെക്ടറൽ ലൈബ്രറിയുടെ ഗുണമെന്ന് കുഫോസ് വൈസ് ചാൻസലർ ഡോ.ടി.പ്രദീപ് കുമാർ പറഞ്ഞു.

# ക്രിസ്തുമസ് ആഘോഷവുമായി കൊച്ചി വണ്ടർലാ

**കൊച്ചി:** വണ്ടർലാ കൊച്ചിയിൽ ഡിസംബർ 23 മുതൽ 2024 ജനുവരി 1 വരെ നീണ്ടു നില്ക്കുന്ന ക്രിസ്തുമസ് പുതുവത്സര ആഘോഷങ്ങൾ. 56 ത്രില്ലിംഗ് റൈഡുകളോടൊപ്പം പ്രത്യേകം സജ്ജമാക്കിയ ക്രിസ്തുമസ് ബാൻഡിന്റെ അകമ്പടിയോടെ ലൈവ് ഷോകൾ, ഗെയിമുകൾ, ഫുഡ്ഫെസ്റ്റിവൽ, സാന്താസ്ട്രീറ്റ് എന്നിവയും വണ്ടർലായിൽ ഒരുക്കിയിട്ടുണ്ട്.ആഘോഷങ്ങളുടെ ഭാഗമായി,പാർക്കിന്റെ പ്രവർത്തന സമയം ഈ ദിവസങ്ങളിൽ 8.30 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ 2023 ഡിസംബർ 23 മുതൽ 2024 ജനുവരി 1 വരെ വൈകുന്നേരങ്ങളിൽ പ്രത്യേക ടിക്കറ്റ് നിരക്കിലൂടെ പാർക്കിൽ പ്രവേശിക്കാവുന്നതാണ്.




റൈഡുകൾ വൈകിട്ട് 7 മണി വരെയും,ഫുഡ് ഫെസ്റ്റ്,ക്രിസ്തുമസ് ആഘോഷപരിപാടികൾ 8:30വരെയും ഈവെനിംഗ് ടിക്കറ്റിൽ ആസ്വദിക്കാവുന്നതാണ്. പ്രശസ്ത പിന്നണി ഗായകരായ കീർത്തന ശബരീഷ്, ജോബിജോൺ, സുധീഷ് ചാലക്കുടി എന്നിവരുടെ ഗാനമേളകളും സോളോ ഫോക്കിന്റെയും രജീഷ് എൻ രമേശനും സംഘവും അവതരിപ്പിക്കുന്ന ലൈവ് ബാൻഡുകളും ഡിജെ സാവ്യോ, ഡിജെ ഷാമിൽ, ഡിജെ ജൂഡ് എന്നിവർ അവതരിപ്പിക്കുന്ന ഡിജെ ഷോകളും 2023 ഡിസംബർ 23 മുതൽ 2024 ജനുവരി 1 വരെയുള്ള ദിവസങ്ങളിൽ ഉണ്ടായിരിക്കുന്നതാണ്. എൽഇഡി ഡാൻസ് ഉൾപ്പെടെയുള്ള ഡാൻസ്പെർഫോമൻസുകൾ, മിറർ മാൻ, ബബിൾ ഡാൻസേർസ്, ഫയർ ഡാൻസേർസ് എന്നിവരുടെ പ്രകടനങ്ങളും ഉണ്ടായിരിക്കുന്നതാണ്.

കൂടാതെ ഡിസംബർ 29 വെള്ളിയാഴ്ച വണ്ടർലാ കൊച്ചി പാർക്കിൽ സൺബേൺ റീലോഡ് ബാനറിൽ പ്രശസ്ത ഇറ്റാലിയൻ ഡിജെ ജിയാൻ നോബ്ളീയുടെ മെഗാ ഇവന്റും ഉണ്ടായിരിക്കുന്നതാണ്. ടിക്കറ്റുകൾ ബുക്ക് മൈഷോ യിലൂടെയോ വണ്ടർലാ ഓൺലൈൻ പോർട്ടലിലൂടെയോ ബുക്ക് ചെയ്യാവുന്നതാണ്. 16 നും 24 നുംഇടയിൽ പ്രായമുള്ള വിദ്യാർത്ഥികൾക്ക് അവരുടെ സ്റ്റുഡന്റ് ഐഡി ഹാജരാക്കിയാൽ പാർക്ക് പ്രവേശനടിക്കറ്റിന് 20% കിഴിവ് ലഭിക്കും. കൂടാതെ, ജന്മദിനം ആഘോഷിക്കുന്ന വ്യക്തികൾക്ക് അവരുടെ ജന്മദിനത്തിന് 5 ദിവസം മുമ്പോ ശേഷമോ,ഓൺലൈനിൽ ടിക്കറ്റ്ബുക്ക് ചെയ്ത് സൗജന്യ പാർക്ക എൻട്രി ടിക്കറ്റ് നേടാനാകും.എല്ലാ ഇടങ്ങളിലും അവധിക്കാലത്തിന്റെ ആവേശം പരക്കുന്ന ഈ നാളുകളിൽ വണ്ടർലായിൽ ആസ്വദിക്കാനും എല്ലാവരും ഒത്തു ചേർന്ന് റൈഡുകളും, കലാപരിപാടികളും,ഫുഡ് ഫെസ്റ്റും ആസ്വദിക്കാനും തയ്യാറെടുപ്പുകൾ നടത്തുകയാണെന്നു വണ്ടർലാ ഹോളിഡേയ്സിന്റെ മാനേജിങ് ഡയറക്ടർ അരുൺ കെ. ചിറ്റിലപ്പിള്ളി പറഞ്ഞു.

## ഇസ്പാ സമ്മേളനം സമാപിച്ചു

# പെയിന്റുകൾക്ക് എക്സ്പെയറി ഡേറ്റ് നിർബന്ധമാക്കരുത്: ഇസ്പാ കേരള ഘടകം

**കൊച്ചി:** പെയിന്റുകൾക്ക് എക്സ്പെയറി ഡേറ്റ് നിർബന്ധമാക്കുന്നതിൽ നിന്നും ലീഗൽ മെട്രോളജി പിൻന്മാറണമെന്ന് ഇന്ത്യൻ സ്മോൾ സ്കെയിൽ പെയിന്റ് അസോസിയേഷൻ (ഇസ്പാ) കേരള ഘടകത്തിന്റെ 30ാം വാർഷിക സമ്മേളനം ആവശ്യപ്പെട്ടു. എക്സ്പെയറി ഡേറ്റ് നിർബന്ധമാക്കുന്നതിലൂടെ ചെറുകിട പെയിന്റ് നിർമ്മതാക്കൾ പ്രതിസന്ധിയിലാണെന്ന് യോഗം വിലയിരുത്തി. മരുന്ന്, ഭക്ഷ്യവസ്തുക്കൾ എന്നിവ മനുഷ്യർ ഭക്ഷിക്കുന്നവയാണ്.

അവയ്ക്ക് കാലാവധി അനിവാര്യമാണ് എന്നാൽ അതേ മാതൃകയിൽ പെയിന്റിനും കാലാവധി തിയ്യതി വേണമെന്നത് പ്രായോഗികമല്ല. ഇതിന്റെ പേരിൽ കേരളത്തിലെ ചെറുകിട പെയ്ന്റ് നിർമ്മാതാക്കൾക്ക് എതിരെ കേസുകളും എടുക്കുന്നു. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇപ്രകാരം കേസുകൾ എടുക്കുന്നില്ല. ഈ സാഹചര്യത്തിൽ

Indian Small Scale Paint Association

സംസ്ഥാന ലീഗൽ മെട്രോളജി വകുപ്പ് അധികൃതരും ഇതര സംസ്ഥാനങ്ങളുടെ മാതൃക പിന്തുടരണെന്ന് എറണാകുളം ലേ മെറീഡിയൻ ഹോട്ടലിൽ രണ്ടു ദിവസമായി നടന്ന സമ്മേളനം ആവശ്യപ്പെട്ടു.

ചെറുകിട പെയിന്റ് നിർമ്മാണ മേഖലയിൽ സാങ്കേതിക വിദ്യകളുപോയഗിച്ചുള്ള ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചെപ്പെടുത്തൽ, ന്യൂനതകൾ പരിഹരിക്കൽ. നിലനിൽപ്പ്, മാർക്കറ്റിംഗ് മേഖലകളിലടക്കം ചെറുകിട പെയിന്റു നിർമ്മാതാക്കളെ പ്രാപ്തരാക്കൽ എന്നിവ ലക്ഷ്യമിട്ടായിരുന്നു സമ്മേളനം സംഘടിപ്പിക്കപ്പെട്ടത്. രണ്ടാം ദിവസം വിവിധ വിഷയങ്ങളിൽ നടന്ന സെമിനാറുകളിൽ ദിലീപ് രാഘവൻ, വിസൻ ഇൻഡസ്ട്രീസ് ടെക്നിക്കൽ ഡയറക്ടർ ജേക്കബ്ബ് സോളി, ഗ്ലോബൽ ലിങ്കർ സഹസ്ഥാപകനും സി.ഇ.ഒയുമായ സമീർ വക്കീൽ, ബാലാജി.കെ മൂർത്തി, ബിനോയ് ജോസഫ് തുടങ്ങിയവർ സംസാരിച്ചു.

സമാപന സമ്മേളനത്തിൽ ഇന്ത്യൻ സ്മോൾ സ്കെയിൽ പെയിന്റ് അസോസിയേഷൻ പ്രസിഡന്റ് വിജയ് ഡഗ്‌ലി അധ്യക്ഷത വഹിച്ചു. മുൻ പ്രസിഡന്റുമാരായ ശിൽപ റെവീഷ്യ,ഡി. ശിവറാം, സത്യനാരായണ,നീരവ് റെവീഷ്യ, ഇന്ത്യൻ സ്മോൾ സ്കെയിൽ പെയിന്റ് അസോസിയേഷൻ കേരള ഘടകം സമ്മേളനം കൺവീനർ ദിനേഷ് പ്രഭു, ചെയർമാൻ ശംഭു നമ്പൂതിരി തുടങ്ങിയവർ പ്രസംഗിച്ചു.

# സിൽവർ സ്റ്റോമിൽ വിന്റർ ഫെസ്റ്റ്

**കൊച്ചി:** വിന്റർ ഫെസ്റ്റ് അവതരിപ്പിച്ച് അതിരപ്പിള്ളിയിലെ സിൽവർ സ്റ്റോം വാട്ടർതീം പാർക്ക്. സിൽവർ സ്റ്റോമിന്റെ ഭാഗമായ സ്നോ സ്റ്റോമിലാണ് വിന്റർ ഫെസ്റ്റ് അരങ്ങേറുന്നത്.




2024 ജനുവരി 31 വരെ നീണ്ടുനിൽക്കുന്ന ഫെസ്റ്റിൽ വിവിധങ്ങളായ ആഘോഷപരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. 20,000 സ്ക്വയർഫീറ്റിൽ മഞ്ഞിന്റെ മായാലോകം തന്നെയാണ് ഒരുക്കിയിരിക്കുന്നതെന്ന് മാനേജിംഗ് ഡയറക്ടർ എ.ഐ. ഷാലിമാർ പറഞ്ഞു. സ്നോ ട്യൂബ് സ്ലൈഡ്, സ്നോ വുഡൻ ബ്രിഡ്ജ്, സ്നോ പ്ലേ ഹൗസ്, ഇഗ്ലുഹൗസ്, സ്നോ ഫ്രീഫോൾ സ്ലൈഡ് എന്നിങ്ങനെ നീണ്ടനിരതന്നെ അവതരിപ്പിച്ചിട്ടുണ്ടെന്നും ക്രിസ്മസും പുതുവത്സരവും പ്രമാണിച്ച് ഈമാസം 23 മുതൽ 2024 ജനുവരി 7 വരെ ആകർഷകമായ സമ്മാനങ്ങൾക്ക് പുറമെ മെഗാ ബമ്പർ സമ്മാനം എൽ.ഇ.ഡി ടിവിയും സമ്മാനങ്ങളും ഒരുക്കിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഒരു മണിക്കൂറിലേറെ സ്നോ സ്റ്റോമിലെ മൈനസ് പത്ത് ഡിഗ്രി തണുപ്പിന്റെ പുതിയ അനുഭവവും ആറ് മണിക്കൂറോളം സിൽവർ സ്റ്റോം വാട്ടർതീം പാർക്കിലെ നവ്യാനുഭവും ഒന്നിച്ച് ആസ്വദിക്കാൻ സാധിക്കുന്ന കേരളത്തിലെ ഏക പാർക്കാണിത്. കുടുംബത്തോടൊപ്പം താമസിക്കാൻ സിൽവർ സ്റ്റോം റിസോർട്ടിൽ പ്രത്യേക താമസ പാക്കേജുകളും ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് 9447603344,9447513344 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക

# ഒഫിസ് (എഡബ്ല്യുഎഫ്ഐഎസ്) സ്പേസ് സൊല്യൂഷൻസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ഫ്ലെക്സിബിൾ വർക്ക്സ്പേസ് സൊല്യൂഷൻസ് കമ്പനിയായ ഒഫിസ് സ്പേസ് സൊല്യൂഷൻസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ(ഡിആർഎച്ച്പി) സമർപ്പിച്ചു. 160 കോടി രൂപയുടെ പുതിയ ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും 10,023,172 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ്, എംകെ ഗ്ലോബൽ ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ഭാര്യയെ കഴുത്ത് മുറിച്ചു കൊലപ്പെടുത്തിയെന്ന കേസ്; ഭർത്താവിനെ കോടതി വെറുതെ വിട്ടു

**കൊച്ചി:** ഭാര്യയെ കഴുത്ത് മുറിച്ചു കൊലപ്പെടുത്തിയെന്ന കേസിൽ തെളിവുകളുടെ അഭാവത്തിൽ ഭർത്താവിനെ കോടതി വെറുതെ വിട്ടു. സ്കൂട്ടറിൽ യാത്രചെയ്യവെ ഭാര്യ ശ്രീലതയെ കത്തി ഉപയോഗിച്ച് കഴുത്തു മുറിച്ച് കൊലപ്പെടുത്തിയെന്ന കേസിലാണ് ഭർത്താവ് കാസർകോഡ് സ്വദേശിയായ റെനീഷിനെ മതിയായ തെളിവുകളുടെ അഭാവത്തിൽ എറണാകുളം എട്ടാം അഡീഷണൽ സെഷൻസ് കോടതി വെറുതെ വിട്ടത്.

2012 മാർച്ച് 15 ന് കലൂർ ബസ്റ്റാൻഡിനു സമീപമുള്ള ഫുട്പാത്തിൽ വൈകിട്ട് ആറോടെയാണ് കേസിനാസ്പദമായ സംഭവം. ശ്രീലത ഓടിച്ചിരുന്ന സ്കൂട്ടറിന്റെ പിന്നിൽ യാത്ര ചെയ്തിരുന്ന റെനിഷ് കത്തി ഉപയോഗിച്ച് ശ്രീലതയുടെ കഴുത്ത് മുറിച്ചശേഷം സ്കൂട്ടറിൽ നിന്നും തള്ളിയിടുകയും തുടർന്ന് ഇയാൾ സ്കൂട്ടറുമായി രക്ഷപ്പെടുകയുമായിരുന്നുവെന്നായിരുന്നു കേസ്. സംഭത്തിൽ എറണാകുളം നോർത്ത് സർക്കിൾ ഇൻസ്പെക്ടറിന്റെ നേതൃത്വത്തിൽ റെനീഷിനെ സംഭവ ദിവസം തന്നെ അറസ്റ്റു ചെയ്തിരുന്നു.

കേസിൽ 15 ഓളം സാക്ഷികളെ വിസ്തരിച്ചുവെങ്കിലും മതിയായ തെളിവുകളുടെ അഭാവത്തിൽ പ്രതിയായ റെനീഷിനെ കോടതി വെറുതെ വിടുകയായിരുന്നു.പ്രതിഭാഗത്തിനായി കാറ്റാടി അസോസിയേറ്റസ് കോടതിയിൽ ഹാജരായി.

# ആമസോണിൽ വിൻറർ സ്റ്റോർ

**കൊച്ചി:** 400 രൂപ വരെ ക്യാഷ് ബാക്കുമായി ആമസോൺ ഫ്രഷ് വിൻറർ സ്റ്റോർ. ഹോട്ട് ചോക്ലേറ്റ്, സൂപ്പ്, ഗ്രാനോള ബാർ, സ്ട്രോബെറി, സ്വീറ്റ് കോൺ, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, പലചരക്ക് സാധനങ്ങൾ ഉൾപ്പെടെ വിൻറർ സ്റ്റോറിൽ ലഭ്യമാണ്. പുതിയ ഉപഭോക്താക്കൾക്ക് ആദ്യത്തെ നാല് ഓർഡറുകൾക്ക് 400 രൂപ ക്യാഷ്ബാക്ക് ലഭിക്കും.

കുക്കീസ് കളക്ഷൻ, ക്രിസ്മസ് ഗിഫ്റ്റ് ബോക്സുകൾ,ഡാബർ ച്യവൻപ്രാശ്, ഓർഗാനിക് ഇന്ത്യ ആയുഷ് ക്വാത്ത്, പാരച്യൂട്ട് അഡ്വാൻസ്ഡ് ഗോൾഡ് കോക്കനട്ട് ഹെയർ ഓയിൽ, വാസലീൻ ലിപ് ടിൻസ് റോസി ലിപ്സ്, നിവ്യ കൊക്കോ നറിഷ് ബോഡി ലോഷൻ, ഗോദ്റെജ് ഇസി ലിക്വിഡ് ഡിറ്റർജന്റ്, ടൈഡ് പ്ലസ് ഡിറ്റർജന്റ് വാഷിംഗ് പൗഡർ, കാഡ്ബറി ചോക്കലേറ്റ് ഡ്രിങ്ക് പൗഡർ മിക്സ് തുടങ്ങി നിരവധി ഉത്പന്നങ്ങൾ ആകർഷകമായ വിലകളിൽ ആമസോൺ വിൻറർ സ്റ്റോറിൽ ലഭ്യമാണ്.



# ക്രിസ്മസ് നൽകുന്നത് സമാധാനത്തിന്റെ സന്ദേശം : ടി. ജെ. വിനോദ് എം. എൽ. എ

**കൊച്ചി** :ക്രിസ്മസ് നൽകുന്നത് സമാധാനത്തിന്റെ സന്ദേശമെന്ന് ടി ജെ വിനോദ് എം. എൽ. എ പറഞ്ഞു. ചാവറ കൾച്ചറൽ സെന്റ്ററും കരിക്കാമുറി റെസിഡന്റ്സ് അസോസിയേഷനും ചേർന്ന് സംഘടിപ്പിച്ച ക്രിസ്തുമസ് ആഘോഷം ഉദ് ഘാടനം ചെയ്തു പ്രസംഗിക്കുക യായിരുന്നു അദ്ദേഹം. പ്രൊഫ. എം. കെ. സാനു ക്രിസ്തുമസ് സന്ദേശം നൽകി.

സി. എം. ഐ. സഭ ജനറൽ കൗൺസിലറും സെൻറ് ജോസഫ്സ് ആശ്രമം സുപ്പീരിയറുമായ ഫാ. ബിജു വടക്കേൽ അധ്യക്ഷത വഹിച്ചു.ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി എം. ഐ., കോർപറേഷൻ കൗൺസിലർ പദ്മജ എസ്. മേനോൻ, കരിക്കാമുറി റെസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികളായ സി. ഡി. അനിൽകുമാർ,ജോയ് കെ. ദേവസി എന്നിവർ പ്രസംഗിച്ചു. കരിക്കാമുറി റെസിഡന്റ്സ് അസോസിയേഷന്റെ ഗാനസന്ധ്യ യോടൊപ്പം ആലപ്പുഴ അന്താരാ മ്യൂസിക് ബാൻഡ് അവതരിപ്പിച്ച സംഗീത വിരുന്നും ഉണ്ടായിരുന്നു.

# മില്ലറ്റും മീനും പ്രദർശന ഭക്ഷ്യമേളയിൽ പാചകമത്സരവും

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) ഡിസംബർ 28 മുതൽ 30 വരെ നടക്കുന്ന മില്ലറ്റും മീനും പ്രദർശന ഭക്ഷ്യമേളയുടെ ഭാഗമായി പാചക മത്സരവും. ചെറുധാന്യങ്ങളോടൊപ്പം മീനും ചേർത്തുള്ള വിഭവങ്ങളാണ് തയ്യാറാക്കേണ്ടത്. ചാമ, റാഗി, തിന, കമ്പ്, ചോളം, വരഗ്, പനിവരഗ്, കുതിരവാലി എന്നീ ചെറുധാന്യങ്ങളും പ്രാദേശികമായി ലഭ്യമാകുന്ന മീനുകളും പാചകമത്സരത്തിനായി ഉപയോഗിക്കാം.

കേരളത്തിൽ അധിവസിക്കുന്ന 15 വയസ്സിന് മുകളിൽ പ്രായമുള്ള ആർക്കും മത്സരത്തിൽ പങ്കെടുക്കാം. ഒന്നാം സ്ഥാനം നേടുന്നവർക്ക് 7500 രൂപ ലഭിക്കും. രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 5000 രൂപ, 2500 രൂപ ലഭിക്കും.മത്സരത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ, തയ്യാറാക്കാനുദ്ദേശിക്കുന്ന ചെറുധാന്യമത്സ്യ രുചിക്കൂട്ടുകളുമായി ബന്ധപ്പെട്ട ആശയങ്ങൾ സമർപ്പിക്കണം. 250 വാക്കിൽ കവിയാത്ത ആശയങ്ങൾ ഈ മാസം 25ന് മുമ്പായി, ഗൂഗിൾ ഫോം (https://forms.gle/RL8zK6uzeYgzn3Sr7) വഴിയാണ് സമർപ്പിക്കേണ്ടത്. ഇതിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്നവർക്കാണ് മേളയിൽ പാചകമത്സരത്തിൽ പങ്കെടുക്കാൻ അവസരമുണ്ടാകുക. വെബ്സൈറ്റ് www.kvkernakulam.icar.gov.in ഫോൺ 9746469404.സിഎംഎഫ്ആർഐക്ക് കീഴിലുള്ള എറണാകുളം കൃഷി വിജ്ഞാന കേന്ദ്രമാണ് മില്ലറ്റും മീനും പ്രദർശന ഭക്ഷ്യമേള സംഘടിപ്പിക്കുന്നത്.



ബയർസെല്ലർ സംഗമം, ചെറുധാന്യമത്സ്യ ഭക്ഷ്യമേള, കൃഷിചെയ്ത് വിളവെടുത്ത ജീവനുള്ള മീനുകളുടെ വിപണനം, ചെറുധാന്യങ്ങളുടെയും മൂല്യവർധിതഉൽപന്നങ്ങളുടെയും വിപണനം, സാങ്കേതികവിദ്യാ പ്രദർശനം, വിവിധ ഉൽപന്നങ്ങളുടെ ലോഞ്ചിംഗ്, മില്ലറ്റ് കുക്കറി ഷോ, പോഷണആരോഗ്യ ചർച്ചകൾ, സെമിനാറുകൾ എന്നിവ മേളയിലുണ്ടാകും.

ദേശീയ കാർഷിക ഗ്രാമവികസന ബേങ്ക് (നബാർഡ്), ഹൈദരാബാദിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ച്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് (ഐഐഎസ്ആർ), സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (സിഫ്റ്റ്), കേരള ഭക്ഷ്യസുരക്ഷ അതോറിറ്റി, നിഫാറ്റ് , സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവുമൺ (സാഫ്), ഫുഡ് ക്രാഫ്റ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് കളമശേരി, കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ, കേരള ബേക്കേഴ്സ് അസോസിയേഷൻ, ആകാശവാണി കൊച്ചി എഫ് എം തുടങ്ങിയവർ പരിപാടിയുടെ പങ്കാളികളാണ്.




# ഹാപ്പിനെസ്സ് കൊച്ചി പദ്ധതിക്കു തുടക്കമായി

**കൊച്ചി:** കൊച്ചി നഗരവാസികളുടെ സമഗ്ര മാനസികാരോഗ്യ പരിപാലനത്തിനായുള്ള ഹാപ്പിനെസ്സ് കൊച്ചി പദ്ധതിക്കു തുടക്കമായി. എറണാകുളം നോർത്ത് ഇ. എം. എസ് ടൗൺ ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ പ്രശസ്ത മാനസികാരോഗ്യ വിദഗ്ദ്ധൻ ഡോ. ഫിലിപ്പ് ജോൺ പദ്ധതി ഉദ്ഘാടനം ചെയ്തു. നാം ജീവിക്കുന്ന കാലഘട്ടം എല്ലാത്തിനുമുപരി മാനസികാരോഗ്യത്തിന് പ്രാധാന്യം നൽകേണ്ട ഒന്നാണെന്നും ഈ രംഗത്ത് വികസിപ്പിച്ചെടുത്ത ഏറ്റവും ആധുനിക സങ്കേതങ്ങൾ കൊച്ചി നഗരവാസികളുടെ മാനസികാരോഗ്യ സംരക്ഷണത്തിന് ഉപയുക്തമാക്കണമെന്നു അദ്ദേഹം പറഞ്ഞു. കൊച്ചി മേയർ അഡ്വ. എം.അനിൽകുമാർ അദ്ധ്യക്ഷത വഹിച്ചു. ഹാപ്പിനെസ്സ് കൊച്ചി പദ്ധതി കൊച്ചി നഗരസഭ മുന്നോട്ടു വയ്ക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിൽ ഒന്നാണെന്ന് മേയർ പറഞ്ഞു. ശാസ്ത്രീയമായി എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കുമെന്നും മേയർ സൂചിപ്പിച്ചു. യോഗ തെറാപ്പിസ്റ്റ് ഡോ.അഖില വിനോദ് സ്ട്രെസ്സ് മാനേജ്മെൻറ് എന്ന വിഷയം ആസ്പദമാക്കി ക്ലാസ്സെടുക്കുകയും ഡെമോൺസ്ട്രേഷൻ നടത്തുകയും ചെയ്തു. കൊച്ചി കപ്പൽശാലയുടെ സി.എസ്.ആർ സഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ലക്ഷ്യം നഗരവാസികളുടെ മാനസികാരോഗ്യം ഗുണപരമായി ഉയർത്തി കൊണ്ടുവരികയും നഗരത്തിൽ മാനസികാരോഗ്യ സംവിധാനങ്ങൾ വിപുലീകരിക്കുകയുമാണ്. മാനസികാരോഗ്യ വിദഗ്ദ്ധർ, വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ, വിദ്യാലയങ്ങൾ തുടങ്ങി എല്ലാവരെയും ഒരു കുടക്കീഴിൽ കോർത്തിണക്കികൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കമ്മ്യൂണിറ്റി തല മാനസികാരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ, പ്രൊഫഷണൽ വിദ്യാർത്ഥികൾക്കായുള്ള ഒരു മാനസികാരോഗ്യ ഇൻറേൺഷിപ്പ് പ്രോഗ്രാം എന്നിവ ആണ് പദ്ധതിയുടെ പ്രധാന സവിശേഷതകൾ. വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ. പി ആർ റെനീഷ്, ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ഷീബലാൽ, മരാമത്ത്കാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ശ്രീമതി.സുനിത ഡിക്സൺ, നികുതി അപ്പീൽകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ അഡ്വ. പ്രിയ പ്രശാന്ത്, നഗരാസൂത്രണകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ സനിൽമോൻ ജെ എന്നിവർ പങ്കെടുത്തു.

# നാഗേഷ് ട്രോഫി: ഒഡീഷയും യുപിയും സൂപ്പർ എട്ടിൽ

**കൊച്ചി:** കാഴ്ച പരിമിതരുടെ നാഗേഷ് ട്രോഫി ദേശീയ ക്രിക്കറ്റ് ടൂർണമെന്റ് ഗ്രൂപ്പ് സിയിൽ എല്ലാ മത്സരങ്ങളും ജയിച്ച ഒഡീഷ സൂപ്പർ എട്ടിൽ കടന്നു. അവസാന മത്സരത്തിൽ ഇന്നലെ (ഡിസംബർ 22 ) ഒഡീഷയോട് ഒൻപതു വിക്കറ്റിനു തോറ്റെങ്കിലും നേരത്തെ നേടിയ മൂന്നു ജയങ്ങളുടെ പിൻബലത്തിൽ ഉത്തർപ്രദേശും അവസാന എട്ടിൽ ഇടംപിടിച്ചു.തൃപ്പൂണിത്തുറ പാലസ് ഓവൽ ഗ്രൗണ്ടിൽ ടോസ് നേടി ഫീൽഡിങ് തെരഞ്ഞെടുത്ത ഒഡീഷയുടെ കണക്കുകൂട്ടലുകൾ പിഴച്ചില്ല. കണിശ ബൗളിംഗും വരിഞ്ഞു മുറുക്കിയ ഫീൽഡിംഗും കൊണ്ടു ഉത്തർപ്രദേശിനെ 18.1 ഓവറിൽ വെറും 64 റൺസിന് പുറത്താക്കിയ ഒഡീഷ 4.5 ഓവറിൽ ഒരുവിക്കറ്റിന് 67 റൺസ് അടിച്ചുകൂട്ടി വിജയം കണ്ടു.നാലോവറിൽ 12 റൺസ് മാത്രം വിട്ടുകൊടുത്ത് യുപിയുടെ മൂന്നുവിക്കറ്റെടുത്ത ദേബരാജ് ബെഹ്റയാണ് മാൻ ഓഫ് ദി മാച്ച്. ലാൽ പ്രസാദ് സോറൻ, ലിംഗരാജ് രൗത്ര എന്നിവർ ഒഡീഷയ്ക്കുവേണ്ടി ഓരോ വിക്കറ്റെടുത്തു. മറുപടി ബാറ്റിങ്ങിൽ ആറു ഫോറോടെ 16 പന്തിൽ 35 റൺസെടുത്ത ലാൽ പ്രസാദ് സോറൻ ഒഡീഷയുടെ വിജയം അതിലളിതമാക്കി.

ഗ്രൂപ്പിലെ മറ്റൊരു മത്സരത്തിൽ ബിഹാർ ജാർഖണ്ഡിനെ 46 റൺസിനു തോൽപിച്ചു. 20 ഓവറിൽ എട്ടു വിക്കറ്റിനു 150 റൺസാണ് ബിഹാർ നേടിയത്. ജാർഖണ്ഡ് 19.2 ഓവറിൽ എല്ലാവരും പുറത്തായി.നാലോവറിൽ 18 റൺസിനു ബിഹാറിനു വേണ്ടി രണ്ടു വിക്കറ്റെടുത്ത അംഗദ് കളിയിലെ താരമായി.

ബിഹാറിനു വേണ്ടി മുഹമ്മദ് ഇഷ്റഫിൽ 31 പന്തിൽ 28 റൺസും സുധാംശു കുമാർ 10 പന്തിൽ 20 റൺസും നേടി. 26 പന്തിൽ 23 റൺസെടുത്ത ചന്ദൻ കുമാറാണ് ജാർഖണ്ഡിന്റെ ടോപ് സ്കോറർ.അടുത്തമാസം നാഗ്പൂരിലാണ് നാഗേഷ് ട്രോഫി സൂപ്പർ എട്ട് പോരാട്ടങ്ങൾ.



# പിഎം സ്വാനിധി, മുദ്ര വായ്പകൾ കൊച്ചിയിൽ വിതരണം ചെയ്തു

**കൊച്ചി:** വികസിത് ഭാരത് സങ്കൽപ് യാത്രയുടെ എറണാകുളം ജില്ലയിലെ നഗര പര്യടനത്തിന്റെ ഭാഗമായി പിഎം സ്വാനിധി, മുദ്ര വായ്പകൾ വിതരണം ചെയ്തു. കേന്ദ്ര സർക്കാരിന്റെ ക്ഷേമ പദ്ധതികളെ കുറിച്ചുള്ള അവബോധം വർധിപ്പിക്കുന്നതിനായാണ് രാജ്യത്തിന്റെ മറ്റു ഭാഗങ്ങൾക്കൊപ്പം കൊച്ചി നഗരത്തിലും വികസിത് ഭാരത് സങ്കൽപ് യാത്ര സംഘടിപ്പിച്ചിരിക്കുന്നത്.

എറണാകുളം ടൗൺ റെയിൽവേ സ്റ്റേഷനിലെ യാത്രയുടെ പര്യടനം പാലക്കാട് മുനിസിപ്പാലിറ്റി കൗൺസിലർ എം ശശികുമാറും ഡർബാർ ഹാൾ ഗ്രൗണ്ടിനു സമീപം ബാങ്ക് ഓഫ് ബറോഡ ചീഫ് മാനേജർ എസ് സുജിത്തും ഉദ്ഘാടനം ചെയ്തു. പാലക്കാട് ഫീൽഡ് പബ്ലിസിറ്റി ഓഫീസർ എം സ്മിതി സങ്കൽപ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ചീഫ് മാനേജർ അശോക് വി നാരായൺ, എഫ്സിഐ മാനേജർ ജി മജീന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു. ആധാർ ബന്ധിപ്പിക്കുന്ന സേവനങ്ങളും വികസിത് ഭാരത് സങ്കൽപ് യാത്രയോട് അനുബന്ധിച്ചു സംഘടിപ്പിച്ചു.

# വാക്ക് ഇൻ ഇന്റർവ്യൂ

**കൊച്ചി:** എറണാകുളം ഗവ.മെഡിക്കൽ കോളേജിൽ വിവിധ വകുപ്പുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ സീനിയർ റസിഡന്റ് ഓർത്തോപീഡിക്സ്, ഡെർമറ്റോളജി, ഇഎൻടി, ജനറൽ മെഡിസിൻ തസ്തികകളിലേക്ക് തിരഞ്ഞെടുക്കുന്നതിനുള്ള വാക്ക് ഇൻ ഇന്റർവ്യൂ ഡിസംബർ 28 ന് രാവിലെ 11 മുതൽ ഉച്ചയ്ക്ക് 1 വരെ മെഡിക്കൽ കോളേജിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ നടക്കും.യോഗ്യത എം ബി ബി എസ് പ്ലസ് ഡിപ്ലോമ/ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദം, ടിസിഎംസി രജിസ്ട്രേഷൻ. ശമ്പളം പ്രതിമാസം 70,000 രൂപ (ഏകീകൃത ശമ്പളം). ഇനിപ്പറയുന്ന രേഖകൾ അതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾക്കൊപ്പം എസ് എസ് എൽ സി ബുക്കിന്റെ മൂന്നാം പേജ് അല്ലെങ്കിൽ പ്രായം തെളിയിക്കുന്ന തത്തുല്യം, എംബിബിഎസ് ബിരുദം, പിജി/ഡിഎൻബി സർട്ടിഫിക്കറ്റ്. എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ്. ടിസി മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ. വിലാസം തെളിയിക്കുന്നതിന് ആധാർ, ഡ്രൈവിംഗ് ലൈസൻസ്, റേഷൻ കാർഡ്. പാസ്പോർട്ട് സൈസ് ഫോട്ടോ 1.



കൊച്ചി ബോൾഗാട്ടി ഗ്രാൻഡ് ഹയാത്തിലെ ക്രിസ്മസ് ന്യൂ ഇയർ ആഘോഷങ്ങൾക്ക് ഷൈൻ ടോം ചാക്കോ, ഷെയ്ൻ നിഗം, മഹിമ നമ്പ്യാർ എന്നിവർ ചേർന്ന് തുടക്കം കുറിക്കുന്നു. കൊച്ചി ബോൾഗാട്ടി ഗ്രാൻഡ് ഹയാത്ത് ജനറൽ മാനേജർ രാജേഷ് രാംദാസ്, ഹോട്ടൽ മാനേജർ നിബു മാത്യു, നടനും സംവിധാകനുമായ രഞ്ജി പണിക്കർ, നടൻ ബാബുരാജ്, നിർമ്മാതാവ് സാന്ദ്ര തോമസ് തുടങ്ങിയവർ സമീപം.

# കൊച്ചി ഗ്രാൻഡ് ഹയാത്ത് ഹോട്ടലിലെ ക്രിസ്മസ് ആഘോഷങ്ങൾക്ക് തുടക്കമായി

**കൊച്ചി:** മനോഹരമായ ക്രിസ്മസ് കാഴ്ചകളും സ്വാദിഷ്ഠമായ വിഭവങ്ങളും ലക്ഷ്വറി സ്റ്റേയുമായി, സവിശേഷമായ ക്രിസ്മസ് വിരുന്നാണ് അതിഥികൾക്കായി കൊച്ചി ഗ്രാൻഡ് ഹയാത്ത് ഹോട്ടലിൽ ഒരുക്കിയിരിക്കുന്നത്. രണ്ടാഴ്ചയോളം നീളുന്ന ക്രിസ്മസ് പുതുവത്സരാഘോഷങ്ങൾക്ക് ഷൈൻ ടോം ചാക്കോ, ഷെയ്ൻ നിഗം, മഹിമ നമ്പ്യാർ, എന്നിവർ ചേർന്ന്, കേക്ക് മുറിച്ച് തുടക്കം കുറിച്ചു. ജനുവരി രണ്ട് വരെ നീളുന്നതാണ് ഗ്രാൻഡ് ഹയാത്തിലെ ആഘോഷങ്ങൾ.

ഹയാത്തിലെ ഗ്രാൻഡ് ലോബിയിൽ ഒരുക്കിയ ക്രിസ്മസ് ട്രീ ലൈറ്റിങ്ങ് ഏവരുടെയും മനം കവരുന്നതാണ്. നിറപകിട്ടാർന്ന ദൃശ്യാനുഭവം സമ്മാനിച്ച്, എൽഇഡി ലൈറ്റുകളാൽ വർണപൊലിമ തീർക്കുന്ന ക്രിസ്മസ് ട്രീ, വൈകിട്ട് ആറ് മുതൽ പ്രദർശിപ്പിക്കും. സംഗീതവും ലൈവ് പെർഫോമൻസുകളും കണ്ട് രുചികരമായ ഭക്ഷണം ആസ്വദിക്കാനുള്ള സൗകര്യം ഗ്രാൻഡ് ഹയാത്തിൽ ഒരുക്കിയിട്ടുണ്ട്. തുർക്കിഷ് വിഭവങ്ങളടക്കം ഷെഫ് സ്പെഷ്യലുകളാണ് അതിഥികളെ കാത്തിരിക്കുന്നത്. ക്രിസ്മസ് തലേന്നും, ക്രിസ്മസ് ദിനവും വൈകിട്ട് നാല് മുതൽ ഏഴ് വരെ സ്പെഷ്യൽ ഹൈ ടീ സൗകര്യവുണ്ട്..

തായ്, മലബാർ രുചികളടക്കം ഉൾപ്പെടുത്തി വിപുലമായ ക്രിസ്മസ് ഡിന്നർ വൈകിട്ട് ഏഴ് മുതൽ ഈ രണ്ടു ദിവസങ്ങളിലുമുണ്ടായിരിക്കും. ക്രിസ്മസ് ദിനം, സ്പെഷ്യൽ ഗ്രിൽഡ് വിഭവങ്ങൾ അടക്കം ഉൾപ്പെടുത്തി റൂഫ്ടോപ്പിൽ ക്രിസ്മസ് ബ്രഞ്ചും, ലഞ്ചും ലഭിക്കും. ന്യൂ ഇയർ ആഘോഷമാക്കാൻ വിപുലമായ ഒരുക്കങ്ങളും ഗ്രാൻഡ് ഹയാത്തിൽ സജ്ജമാണ്.

ഡിസംബർ 31ന് വൈകിട്ട് ഏഴ് മണിക്ക് തുടങ്ങുന്ന ന്യൂഇയർ ഡിന്നറാണ് ഏറ്റവും ആകർഷകം. ജനുവരി ഒന്നിന് ഉച്ചയ്ക്ക് പന്ത്രണ്ടര മുതൽ മൂന്നര വരെ നീളുന്ന ന്യൂ ഇയർ ബ്രഞ്ചും ഒരുക്കുന്നുണ്ട്. പുതുവത്സര പിറവിക്ക് ഇരട്ടി ആവേശമായി, വേമ്പനാട്ട് കായലിനെ സാക്ഷിയാക്കി വർണാഭമായ വെടിക്കെട്ടും ഡിജെ ഏഞ്ചലിന്റെ സംഗീത വിരുന്നുമുണ്ടാകും. ബുക്കിങ്ങിനും കൂടുതൽ വിവരങ്ങൾക്കുമായി 7593880526 എന്ന നമ്പറിൽ ബന്ധപ്പെടാം.

വൈവിധ്യമാർന്ന കേക്കുകളുടെ വിപുലമായ ശേഖരവും, ഗിഫ്റ്റ് ബോക്സുകളുമായി ക്രിസ്മസ് കിയോസ്ക്കും തയാറാണ്. മൂന്ന് മാസം മുമ്പ് നടന്ന കേക്ക് മിക്സിങ്ങിന്റെ തുടർച്ചയായി നിർമ്മിച്ച സ്വാദിഷ്ഠമായ കേക്കുകളാണ് കിയോസ്ക്കിൽ കാത്തിരിക്കുന്നത്. ലുലു മാളിൽ പ്രത്യേകം തയാറാക്കിയ കൗണ്ടറിലും ഗ്രാൻഡ് ഹയാത്തിലെ ഈ രുചികരമായ കേക്കുകൾ ലഭിക്കും.

കൊച്ചി ബോൾഗാട്ടി ഗ്രാൻഡ് ഹയാത്ത് ജനറൽ മാനേജർ രാജേഷ് രാംദാസ്, ഹോട്ടൽ മാനേജർ നിബു മാത്യു, നടനും സംവിധാകനുമായ രഞ്ജി പണിക്കർ, നടൻ ബാബുരാജ്, നിർമ്മാതാവ് സാന്ദ്ര തോമസ് തുടങ്ങിവരും ഗ്രാൻഡ് ഹയാത്തിൽ നടന്ന ചടങ്ങിൽ ഭാഗമായി.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** കേരള ജയിൽ വകുപ്പിന് കീഴിലുള്ള എറണാകുളം ബോസ്റ്റൽ സ്കൂളിലെ അന്തേവാസികളുടെ ഉപയോഗത്തിനായി ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനായി മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു. പരമാവധി വില (എം.ആർ.പി.) യിൽ നിന്നും എത്ര ശതമാനം കുറവ് നൽകാൻ പറ്റും എന്നാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.

ക്വട്ടേഷൻ നിരക്കു രേഖപ്പെടുത്തി ഉള്ളടക്കം ചെയ്തു കവറിനു മുകളിൽ ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ എന്നു രേഖപ്പെടുത്തി മുദ്രണം ചെയ്യണം. ക്വട്ടേഷനുകൾ 2024 ജനുവരി എട്ടിന് വൈകുന്നേരം 3 വരെ സ്വീകരിക്കും. അന്നേ ദിവസം 4ന് ലഭ്യമായ ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കും. ക്വട്ടേഷൻ സംബന്ധിച്ചുള്ള വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ബോസ്റ്റൽ സ്കൂൾ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ: 0484 2421366.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശു വികസന വകുപ്പിന്റെ പോഷൻ അഭിയാൻ പദ്ധതിയിലെ ജില്ലയിൽ ഒഴിവുള്ള, ജില്ലാ കോ ഓഡിനേറ്റർ, ബ്ലോക്ക് കോഓഡിനേറ്റർ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

കമ്പ്യൂട്ടർ സയൻസ് / ഐ.ടി.എന്നീ വിഷയത്തിൽ അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബിരുദം/ ഡിപ്ലോമ, കമ്പ്യൂട്ടർ പരിജ്ഞാനം, സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് സാങ്കേതികവിദ്യ എന്നിവയിൽ രണ്ട് വർഷത്തെ പ്രവൃത്തി പരിചയം എന്നീ യോഗ്യതകൾ ഉള്ളവർക്ക് ജില്ലാ കോഓഡിനേറ്റർ തസ്തികയിലും

ബിരുദം, കമ്പ്യൂട്ടർ പരിജ്ഞാനം, സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സപ്പോർട്ട് സാങ്കേതിക വിദ്യ എന്നിവയിൽ രണ്ട് വർഷത്തെ പ്രവൃത്തി പരിചയം എന്നിവ ഉള്ളവർക്ക് ബ്ലോക്ക് കോഓഡിനേറ്റർ തസ്തികയിലും അപേക്ഷിക്കാം. പ്രായപരിധി 20 35 വയസ്സ്. അപേക്ഷകർ ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, ജനനത്തീയതി എന്നിവ തെളിയിക്കുന്നതിനുള്ള രേഖകൾ സഹിതം പ്രോഗ്രാം ഓഫീസർ, ഐ.സി.ഡി.എസ്. സെൽ, മൂന്നാം നില, സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം 682030 എന്ന വിലാസത്തിൽ ജനുവരി 10ന് വൈകിട്ട് അഞ്ചിനകം അപേക്ഷിക്കണം.ഫോൺ : 0484 2423934.

## ബയോമെട്രിക് ഓഥന്റിക്കേഷൻ പൂർത്തിയാക്കണം

**കൊച്ചി:**നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ എച്ച്.ഒ. / ഐ.എൻ.ഒ. ബയോമെട്രിക് ഓഥന്റിക്കേഷൻ പൂർത്തികരിക്കാത്ത സി.ബി.എസ്.സി., സ്പെഷ്യൽ സ്കൂളുകൾ ഡിസംബർ 23ന് ഉച്ചയ്ക്ക് 2 നകം കാക്കനാട് സിവിൽ സ്റ്റേഷനിലുള്ള ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ ഹാജരായി നടപടികൾ പൂർത്തിയാകണം. സ്കൂൾ ലിസ്റ്റ് ററലല്യിമസൗഹ മാ.ശി എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ദർഘാസ് ക്ഷണിച്ചു

**കൊച്ചി:** മട്ടാഞ്ചേരി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ചികിത്സ തേടുന്ന ആർ.എസ്.ബി.വൈ, ജെ.എസ്.എസ്.കെ, ജെ.എസ്.വൈ, ആർ.ബി.എസ്.കെ (എ.കെ) രോഗികൾക്കാവശ്യമായ ലാബ് പരിശോധനകൾ 01.01.2024 മുതൽ ഒരു വർഷത്തേക്ക് ചെയ്തു നൽകുന്നതിന് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച കവറുകളിൽ പുനർ ദർഘാസ് ക്ഷണിച്ചു. കവറുകളുടെ പുറത്ത് ലാബ് ടെസ്റ്റ് ചെയ്യുന്നതിനുള്ള പുനർ ദർഘാസ് എന്ന് രേഖപ്പെടുത്തേണ്ടതാണ്. ടെസ്റ്റുകളുടെ പട്ടിക ആഫീസിൽ നിന്നും ലഭ്യമാണ്. ടെൻഡർ ഫോം സ്വീകരിക്കുന്ന അവസാനഡിസംബർ 27 ന് രാവിലെ 11 വരെ.

# ദേശീയ സരസ് മേള : വിപണന സ്റ്റാളിൽ കൗതുകമായി ഈറ്റയിൽ തീർത്ത നക്ഷത്രം

**കൊച്ചി:** ക്രിസ്മസ് നക്ഷത്രങ്ങൾ പലനിറത്തിലും പലരൂപത്തിലും നമ്മൾ കണ്ടിട്ടുണ്ടാകും. എന്നാൽ ഇത്തരത്തിൽ ഒന്ന് കാണാൻ സാധ്യത വളരെ കുറവാണ്, ഈറ്റ കൊണ്ട് നിർമ്മിച്ച നക്ഷത്രം. കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയം ഗ്രൗണ്ടിൽ നടക്കുന്ന കുടുംബശ്രീ ദേശീയ സരസ് മേളയിലേക്ക് വന്നാൽ ഈ കൗതുക കാഴ്ച കാണുകയും വാങ്ങുകയും ചെയ്യാം.

എറണാകുളം ജില്ലയിലെ കാലടി നീലേശ്വരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എസ്.എൻ ബാംബു ഹാൻഡ് ക്രാഫ്റ്റ് യൂണിറ്റിലെ ശാന്ത നാരായണന്റെയും ഭർത്താവ് എ.കെ. നാരായണന്റെയും കരവിരുതിലാണ് ഏറെ ആകർഷകമായ ഈറ്റ കൊണ്ടുള്ള ക്രിസ്മസ് നക്ഷത്രം രൂപമെടുക്കുന്നത്. ഒരു കുടുംബശ്രീ സംരംഭമാണ് ഇവരുടേത്.

ഏകദേശം 20 വർഷമായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന ശാന്ത നാരായണൻ കഴിഞ്ഞ അഞ്ചുവർഷമായി ഇത്തരത്തിൽ സ്റ്റാറുകൾ ഒരുക്കുന്നുണ്ട്. അഞ്ച് ദിവസത്തെ കഠിനാധ്വാനം കൊണ്ടാണ് ഒരു നക്ഷത്രം നിർമ്മിച്ചെടുക്കുന്നത്.

ഏറെ ശ്രദ്ധയും ക്ഷമയും വേണ്ട ജോലിയാണ് ഇത്. 1,000 രൂപ നിരക്കിലാണ് നക്ഷത്രം വിൽക്കുന്നത്.

നക്ഷത്രത്തിന് പുറമേ ടേബിൾ ലാമ്പുകൾ, പെൻ സ്റ്റാൻഡുകൾ, കെട്ടുവള്ളങ്ങൾ, കൂടകൾ തുടങ്ങി മറ്റനേകം കരകൗശല ഉൽപന്നങ്ങളും ഇവർ ഒരുക്കുന്നുണ്ട്. പ്രധാനമായും വിപണനമേളകൾ വഴിയാണ് വില്പന നടത്തുന്നത്. കേട്ടറിഞ്ഞ് പലരും നേരിട്ട് ഓർഡറുകൾ നൽകാറുമുണ്ട്. കരകൗശല ബോർഡിന്റെ പ്രത്യേക പരിശീലനത്തിൽ നിന്നാണ് ഇത്തരത്തിൽ നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ ഇവർ പ്രാപ്തരായത്.

# 16,000 കോടി വായ്പയ്ക്കായി അദാനി ഗ്രൂപ്പ് നീക്കം

**മുംബൈ:** 16,000 കോടി രൂപ (200 കോടി ഡോളർ) കൂടി വായ്പയെടുക്കാൻ നീക്കവുമായി ഗൗതം അദാനിയുടെ റിന്യൂവബിൾ എനർജി യൂണിറ്റ്. വ്യവസായവികസനം ലക്ഷ്യമാക്കിയാണു കമ്പനിയുടെ നീക്കം.

സ്വകാര്യവായ്പകൾ, ഓഫ്ഷോർ ബാങ്ക് വായ്പകൾ, ഡോളർരൂപ ബോണ്ടുകൾ എന്നിവ വഴി വായ്പയെടുക്കാനുള്ള പദ്ധതിയാണു കമ്പനിക്കു മുന്നിലുള്ളത്. അടുത്ത വർഷം തുടക്കത്തിൽ വായ്പ ലഭിച്ചുതുടങ്ങുന്ന തരത്തിലാണു നിലവിലെ നീക്കമെന്ന് ഇതുമായി ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥൻ ലൈവ്മിൻറിനോട് വെളിപ്പെടുത്തി. ഇതിനൊപ്പം, ആഗോള സാമ്പത്തികസ്ഥാപനങ്ങളുമായും കമ്പനി ചർച്ച നടത്തുന്നുണ്ട്. വിഷയത്തോട് അദാനി ഗ്രൂപ്പിൻറെ പ്രതിനിധി ഇതുവരെ പ്രതികരിച്ചില്ല.



2030ഓടെ 45 ഗിഗാവാട്ട് ശുദ്ധ ഊർജോത്പാദനമാണു റിന്യൂവബിൾ എനർജി യൂണിറ്റ് ലക്ഷ്യമിടുന്നത്. ഇതിൻറെ പണസമാഹരണകാര്യങ്ങൾ തീരുമാനിക്കുന്നതിനായി ഈ മാസം 26നു ബോർഡ് യോഗം കൂടുന്നുണ്ട്.

ഓഹരിവില്പനയിലൂടെ 100 കോടി ഡോളർ സമാഹരിക്കാൻ അദാനി ഗ്രീൻ കമ്പനി ലക്ഷ്യമിടുന്നതായി മറ്റൊരു ദേശീയമാധ്യമം കഴിഞ്ഞ ദിവസം റിപ്പോർട്ട് ചെയ്തിരുന്നു. ഇതിലൂടെ, വായ്പാപരിധി മോശമാക്കാതെ പണം സമാഹരിക്കാനാകുമെന്നു കമ്പനി കണക്കുകൂട്ടുന്നു.

ഹിൻഡൻബർഗ് റിപ്പോർട്ട് പുറത്തുവന്നതിനെത്തുടർന്ന് അദാനി ഗ്രൂപ്പിൻറെ ഓഹരിവില വൻതോതിൽ ഇടിഞ്ഞിരുന്നെങ്കിലും സമീപകാലത്ത് തിരിച്ചുവരവിൻറെ പാതയിലാണ്. അടുത്തിടെ നടന്ന നിയമസഭാ തെരഞ്ഞെടുപ്പുകളിൽ ബിജെപി വൻ വിജയം നേടിയത് പാർട്ടിയുമായി അടുത്ത ബന്ധം പുലർത്തുന്ന അദാനിക്കു കാര്യങ്ങൾ എളുപ്പമാക്കി.

# കൺസ്യൂമർഫെഡ് ക്രിസ്തുമസ് പുതുവത്സര സഹകരണ വിപണിയ്ക്ക് തുടക്കമായി

**തിരുവനന്തപുരം:** സംസ്ഥാന സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർഫെഡ് നടത്തുന്ന ക്രിസ്തുമസ് പുതുവത്സര വിപണിയുടെ സംസ്ഥാനതല ഉദ്ഘാടനവും ആദ്യ വിൽപ്പനയും തിരുവനന്തപുരത്ത് സഹകരണ വകുപ്പ് മന്ത്രി വി.എൻ വാസവൻ നിർവ്വഹിച്ചു.

സഹകരണ മേഖല പൊതുജനതാൽപര്യം മുൻനിർത്തി വിപണിയിൽ ഇടപെടുന്നതിന്റെ ഉദാഹരണമാണ് വിപണിയെന്ന് മന്ത്രി പറഞ്ഞു. ജയ അരി,കുറുവ അരി,കുത്തരി,പച്ചരി,പഞ്ചസാര,ചെറുപയർ, വൻകടല, ഉഴുന്ന്, വൻപയർ, തുവരപരിപ്പ്, മുളക്, മല്ലി, വെളിച്ചെണ്ണ തുടങ്ങി 13 ഇനം സാധനങ്ങൾ സബ്സിഡി നിരക്കിൽ സഹകരണ വിപണിയിൽ ലഭിക്കും. മറ്റ് അവശ്യസാധനങ്ങൾ നോൺസബ്സിഡി നിരക്കിലും ലഭ്യമാകും . നോൺസബ്സിഡി സാധനങ്ങൾക്ക് 15 മുതൽ 30 ശതമാനം വരെ വിലക്കുറവുണ്ടാകും.

ഡിസംബർ 30 വരെ സഹകരണ വിപണികൾ പ്രവർത്തിക്കും. എല്ലാ ജില്ലകളിലുമായി 14 സഹകരണ വിപണികളാണ് പ്രവർത്തിക്കുക. ഉദ്ഘാടന ചടങ്ങിൽ ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു അദ്ധ്യക്ഷത വഹിച്ചു. സഹകരണ വകുപ്പ് സെക്രട്ടറി മിനി ആന്റണി ഐ.എ.എസ്, കൺസ്യൂമർ ഫെഡ് ചെയർമാൻ എം മെഹബൂബ് തുടങ്ങിയവർ പങ്കെടുത്തു.




# ഭീമ ജുവൽസ് സൂപ്പർ സർപ്രൈസ് ആനിവേഴ്സറി; പാരീസ് ട്രിപ്പ് വിജയിയെ തെരഞ്ഞെടുത്തു

**കൊച്ചി:** ഭീമ ജുവെൽസ് 99ാം സൂപ്പർ സർപ്രൈസ് ആനിവേഴ്സറിയുടെ ഭാഗമായി നടന്ന ബംപർ നറുക്കെടുപ്പിലൂടെ പാരീസ് ട്രിപ്പ് വിജയിയെ തെരഞ്ഞെടുത്തു.കാഞ്ഞിരമറ്റം സ്വദേശി കെ.എം. ജോസഫാണ് വിജയി. ഭീമ ജുവൽസിൻറെ എറണാകുളം എംജി റോഡ് ഷോറൂമിൽ നടന്ന ചടങ്ങിൽ അസി. പോലീസ് കമ്മീഷണർ രാജ് കുമാർ നറുക്കെടുപ്പ് നടത്തി. ഭീമ ജുവൽസ് ചെയർമാൻ ബി. ബിന്ദുമാധവ്, ബ്രാഞ്ച് ഇൻചാർജ് ബിജു എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ബംപർ സമ്മാനമായി പാരീസ് ടൂർ പാക്കേജാണു വിജയിക്ക് ലഭിക്കുന്നത്.

# റേഷൻകടകളിലൂടെ കുടിവെള്ളം: സുജലം പദ്ധതിയുടെ ഉദ്ഘാടനം ഇന്ന്

**തിരുവനന്തപുരം:** ഭക്ഷ്യ പൊതുവിതരണ വകുപ്പുന്റെ ആഭിമുഖ്യത്തിൽ ജലവിഭവ കുപ്പിന്റെ സഹകരണത്തോടെ കുറഞ്ഞ നിരക്കിൽ സംസ്ഥാനത്തെ റേഷൻകടകളിലൂടെ കുടിവെള്ളം ലഭ്യമാക്കുന്ന സുജലം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് ഉച്ചയ്ക്ക് 2 മണിയ്ക്ക് തിരുവനന്തപുരം തൈക്കാട്, ഗവ. റസ്റ്റ് ഹൗസ് ഹാളിൽ ഭക്ഷ്യ വകുപ്പ് മന്ത്രി ജി.ആർ.അനിൽ നിർവ്വഹിക്കും. ചടങ്ങിൽ ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ, ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു എന്നിവർ പങ്കെടുക്കും. സുജലം പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാവർക്കും ഗുണ നിലവാരമുള്ള ഒരു ലിറ്റർ കുപ്പി കുടിവെള്ളം 10 രൂപയ്ക്ക് റേഷൻകടകളിലൂടെ ലഭ്യമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ഹില്ലി അക്വാ യുടെ കുടിവെള്ളമാണ് ഈ പദ്ധതിയിലൂടെ റേഷൻകടകൾ വഴി വിൽപന നടത്തുന്നത്. കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലെ റേഷൻ കടകളിലാണ് ആദ്യ ഘട്ടത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com